# കേരള സർക്കാർ


## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെറ്റിഎം പി13-1947/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 22/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെറ്റിഎം പി13-1947/2023 തീയ്യതി: 22/12/2023

## കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സി ആർ ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2023 | 22-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2023 | 22-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

മായ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

അമ്പിളി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശിവരാജ് പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ആശ ചന്ദ്രൻ | പ്രസിഡന്റ് | 01-04-2022 | 31-01-2023 |
| ശ്രീമതി. മഞ്ജു ബിജു | പ്രസിഡന്റ് | 28-02-2023 | 31-03-2023 |
| മിനി മുരളി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രേഖ ബി നായർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| മുരളീധരൻ ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| പ്രവീൺ ജോൺ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. അജയകുമാർ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. ആഷിക്ക് രാമചന്ദ്രൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2022 | 31-03-2023 |
| ഡോ. സുവീന വി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 20-04-2022 |
| ഡോ. അനശ്വര | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 21-04-2022 | 31-03-2023 |
| ഡോ. ദീപ ബി നായർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 19-07-2022 |
| ഡോ. അനു ജോർജ്ജ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 20-07-2022 | 31-03-2023 |
| ചന്ദ്രലേഖ ജി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| രാജേശ്വരി ആർ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| റെയ്മോൻ ഡി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-08-2022 |
| അഖിൽദേവ് എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-09-2022 | 31-03-2023 |
| സഖറിയ മാർക്കോസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2022 | 30-04-2022 |
| അനുമോൾ പി ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-05-2022 | 31-03-2023 |
| അനുമോൾ പി ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2022 | 31-03-2023 |

29.09.2022 മുതൽ 26.10.2022 വരെയുള്ള കാലയളവിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ ചാർജ് സെക്രട്ടറിക്കും, 07.01.2023 മുതൽ 13.01.2023 വരെ ഐസിഡിഎസ് സൂപ്പർവൈസറുടെ ചാർജ്ജ് സിഡിപിഒ യക്കും നൽകിയിട്ടുണ്ട്. 01.05.2022 മുതൽ 03.05.2022 വരെ ഒളശ്ശ സർക്കിളിൽ, വിഇഒ സുനിൽ എ പി യ്ക്ക് ചാർഡ്ജ് നൽകിയിട്ടുണ്ട്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23 | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല | 1-1-4 |
| 6 | KURDFC വായ്പ - അക്കൗണ്ട് ചെയ്തതിൽ അപാകത | 1-1-5 |
| 7 | RDB വായ്പ ശീർഷകത്തിലെ നീക്കിയിരിപ്പ് വായ്പ രജിസ്റ്റർ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | Prepaid Programme Expenses ശീർഷകത്തിൽ അക്കൗണ്ടിങ്ങ് അപാകത | 1-1-7 |
| 9 | Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല | 1-1-8 |
| 10 | ആസ്തി മൂല്യശോഷണം കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല | 1-1-9 |
| 11 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-10 |
| 12 | തൊഴിൽ നികുതി ഡിമാന്റ് കൃത്യമായി നിർണ്ണയിച്ച് അക്കൗണ്ട് ചെയ്തില്ല | 1-1-11 |
| 13 | അക്രൂവൽ വരവുകൾ മുൻകൂറായി ലഭിച്ചതിന്റെ ക്രമീകരണം ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല | 1-1-12 |
| 14 | വാടക ഡിമാന്റ് അക്കൗണ്ട് ചെയ്തതിൽ അപാകത | 1-1-13 |
| 15 | റിഡംഷൻ തുകയുടെ കൃത്യതയിൽ അവ്യക്തത | 1-1-14 |
| 16 | KSEB-യിൽ നിക്ഷേപിച്ച തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-15 |
| 17 | ഭൂജല വകുപ്പിൽ നിക്ഷേപിച്ച തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-16 |
| 18 | Prior Period Expenses/Income ന്റ ആധികാരികത വ്യക്തമാക്കിയിട്ടില്ല | 1-1-17 |
| 19 | ഡെപോസിറ്റ് തുക വരവ് നെഗറ്റീവായി പ്രതിഫലിക്കുന്നു | 1-1-18 |
| 20 | ജനപ്രതിനിധികളുടെ മാർച്ച്-2023 ഹോണറേറിയം പേയബിൾ ആയി ക്രമീകരിച്ചില്ല | 1-1-19 |
| 21 | നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം അക്കൗണ്ട് ചെയ്യുന്നില്ല | 1-1-20 |
| 22 | ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല | 1-1-21 |
| 23 | സാമൂഹ്യ സുരക്ഷ പെൻഷൻ അക്കൗണ്ട് ചെയ്തതിൽ അപാകത | 1-1-22 |
| 24 | തൊഴിലുറപ്പിന് മുൻകൂർ - കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നില്ല | 1-1-23 |
| 25 | ബജറ്റ്-വിശകലനം | 1-2 |
| 26 | സാമ്പത്തിക വിശകലനം | 1-3 |
| 27 | ഗ്രാന്റ് വിനിയോഗം | 1-4 |
| 28 | വാർഷികപദ്ധതി അവലോകനം | 1-5 |
| 29 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി | 1-6 |
| 30 | ക്ഷേമപദ്ധതികൾ | 1-7 |
| 31 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 32 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 33 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 34 | ഓൺലൈൻ രസീത് വരവുകൾ–IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം | 1-11 |
| 35 | വസ്തുനികുതി നിർണ്ണയം-തറ നിർമ്മിതിയുടെ തരം കൃത്യമായി കണക്കാക്കിയില്ല | 1-12 |
| 36 | 12.29 ലക്ഷം രൂപ വസ്തുനികുതി കുടിശിക നിലനിൽക്കുന്നു | 1-13 |
| 37 | 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം | 1-14 |
| 38 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല – നികുതി വരുമാനം നഷ്ടമായി | 1-15 |

| | | |
|---|---|---|
| 39 | ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-16 |
| 40 | ട്രേഡർമാരുടെ ലൈസൻസ്/തൊഴിൽ നികുതി-അടിസ്ഥാന ഡേറ്റ തയ്യാറാക്കിയിട്ടില്ല | 1-17 |
| 41 | കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല | 1-18 |
| 42 | അഞ്ചാനി സിനിമാസ് തീയേറ്റർ വിനോദ നികുതി ഒടുക്കാതെ പ്രവർത്തിക്കുന്നു | 1-19 |
| 43 | വാടക കുടിശ്ശിക നിലനിൽക്കുന്നു | 1-20 |
| 44 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ ഒഴിഞ്ഞു കിടക്കുന്നു | 1-21 |
| 45 | പഞ്ചായത്ത് കെട്ടിടങ്ങളിൽ വാടകരഹിതമായി സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-22 |
| 46 | മരങ്ങളുടെ ലേലം നടന്നിട്ടില്ല | 1-23 |
| 47 | പാരാമെഡിക്കൽ സ്ഥാപനം രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-24 |
| 48 | തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് അധിക വിഭവ സമാഹരണം | 1-25 |
| 49 | ഇ-ടെൻഡർ ഫീസ് -ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല | 1-26 |
| 50 | പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച നിക്ഷേപങ്ങളുടെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല | 1-27 |
| 51 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗത്തിൽ അപാകത | 1-28 |
| 52 | മുൻകുറുകളുടെ വിശദാംശം സൂക്ഷിച്ചിട്ടില്ല-കണക്കുകളിൽ അവ്യക്തതയും അപാകതകളും | 1-29 |
| 53 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് UPS ബാറ്ററി വാങ്ങൽ - പഴയ ഉപകരണങ്ങളുടെ ലേലത്തിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-30 |
| 54 | വിവിധ തനത് ഫണ്ട് ചെലവുകൾ - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-31 |
| 55 | NREGA കരാർ ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ട് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് | 1-32 |
| 56 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1-33 |
| 57 | കല്ലാടംപൊയ്ക കുടിവെള്ളപദ്ധതി- ജിഎസ് ടി അധികം തുക നൽകി- പദ്ധതി പൂർത്തീകരിച്ചില്ല | 1-34 |
| 58 | വിവിധ കുടിവെള്ളപദ്ധതികൾ– ഭാഗീകമായി മാത്രം പ്രവൃത്തികൾ നടപ്പാക്കി | 1-35 |
| 59 | പ്രവർത്തനം ആരംഭിക്കാത്ത ബഡ്സ് സെന്ററിലേക്ക് ഫർണിച്ചർ വാങ്ങിയത് നിഷ്ക്രിയമായ അവസ്ഥയിൽ | 1-36 |
| 60 | SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്-വകുപ്പുതല ആനുകൂല്യം ലഭിച്ചിരുന്നോ എന്ന് ഉറപ്പാക്കിയില്ല | 1-37 |
| 61 | ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-38 |
| 62 | സ്മാർട്ട് ഗാർബേജ് മാനേജ്മെന്റ് സിസ്റ്റം - ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കേണ്ടതാണ് | 1-39 |
| 63 | പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ മുഴുവൻ ലഭ്യമാക്കിയിട്ടില്ല | 1-40 |
| 64 | ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ അലംഭാവം | 1-41 |
| 65 | എംജിഎൻആർഇജിഎസ് -നീർതടങ്ങളിൽ വൃക്ഷതൈ നടീലും പരിപാലനവും - തുടർ പരിപാലനം ഉറപ്പാക്കുന്നില്ല | 1-42 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കല്ലാടംപൊയ്ക കുടിവെള്ളപദ്ധതി- ജിഎസ് ടി അധികം തുക നൽകി- | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23

1. പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 14/07/2023 തീയതിയിലെ 1/1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 20/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-1 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ(OBRP Data) സൂക്ഷിച്ചിട്ടില്ല.

**1-1-2 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല**

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് നം.180/23 പ്രകാരമുള്ള 3 ലക്ഷം രൂപ ബ്ലോക്ക് വിഹിതം ചെലവഴിച്ചത് സുസ്ഥിര ആസ്തി സൃഷ്ടിക്കലിനായിരുന്നു. എന്നാൽ ടി ബ്ലോക്ക് വിഹിതം ഫണ്ട് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി അക്കൗണ്ട് ചെയ്തില്ല.

**1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമാക്കിയിട്ടില്ല**

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ച്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

**1-1-4 തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല**

2022-23 വർഷം ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവ് എല്ലാം സുസ്ഥിര ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടോ എന്ന് വ്യക്തമാക്കുന്ന ആധികാരികമായ ഓരോ ഫണ്ടുകളുടെയും /ഗ്രാന്റുകളുടെയും ക്യാപ്പിറ്റൽ-റവന്യൂ വേർതിരിച്ച് ചെലവ് വിവരം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം 31/03/2023 ബാലൻസ് ഉൾപ്പെട്ടോ എന്നതിന് വ്യക്തതയില്ല.

**1-1-5 KURDFC വായ്പ - അക്കൗണ്ട് ചെയ്തതിൽ അപാകത**

തൻവർഷ KURDFC വായ്പ വരവ് 5.4 ലക്ഷം രൂപ RDB വായ്പ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്. KURDFC ശീർഷകത്തിൽ 177/- രൂപ ചെലവും അക്കൗണ്ട് ചെയ്തു(RP-31). KURDFC വായ്പയുടെ കൃത്യമായ നീക്കിയിരിപ്പ് 31/03/2023 ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല.

വായ്പയിൽ നിന്നും ഗുണഭോക്താക്കൾക്ക് നൽകിയ തുക ലൈഫ് സംസ്ഥാന വിഹിതം എന്ന ശീർഷകത്തിലാണ് ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നത്.

**1-1-6 RDB വായ്പ ശീർഷകത്തിലെ നീക്കിയിരിപ് വായ്പ രജിസ്റ്റർ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല**

RDB വായ്പയുടെ 4 ലക്ഷം രൂപ തിരിച്ചടവ് പ്രോജക്ട് നം.65/23 പ്രകാരമുള്ളത് വായ്പ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല. കൂടാതെ 5.4 ലക്ഷം രൂപ KURDFC വായ്പ RDB വായ്പയുടെ ശീർഷകത്തിൽ വരവ് ചേർത്തു. മുൻവർഷങ്ങളിലേതുൾപ്പടെ അക്കൗണ്ടിങ്ങ് അപാകത തുടരുന്നതിനാൽ വായ്പ രജിസ്റ്റർ പ്രകാരമുള്ള RDB വായ്പ നീക്കിയിരിപ്പ് 31/03/2023 ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല.

**1-1-7 Prepaid Programme Expenses ശീർഷകത്തിൽ അക്കൗണ്ടിങ്ങ് അപാകത**

Prepaid Programme Expenses ശീർഷകത്തിലെ 31/03/2023 ലെ നീക്കിയിരിപ്പ് KURDFC വായ്പ തുകയുമായി പൊരുത്തപ്പെടുന്നില്ല. ഭവന നിർമ്മാണത്തിനായി എടുത്ത് ചെലവഴിച്ച വായ്പയിൽ തിരിച്ചടയ്ക്കാനുള്ള തുക Prepaid Programme Expenses ശീർഷകത്തിൽ ഉൾപ്പെടേണ്ടതായിരുന്നു.

### 1-1-8 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. തൻവർഷ പാർട്ട് ബില്ലുകൾ എല്ലാം Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെട്ടോ എന്നും ഫൈനൽ ബിൽ നൽകുമ്പോൾ മുൻപ് നൽകിയ പാർട്ട് ബില്ലുകൾ ക്രമീകരിക്കപ്പെട്ടോ എന്നും വ്യക്തതയില്ല.

### 1-1-9 ആസ്തി മൂല്യശോഷണം കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല

2022-23 വർഷം ആസ്തികളുടെ മൂല്യശോഷണമായി 40.02 ലക്ഷം രൂപ മൂല്യമാണ് ക്രമീകരിച്ചത്. ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയില്ല.

### 1-1-10 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. Government/Other ഡ്യൂസ് രജിസ്റ്റർ രജിസ്റ്റർ സൂക്ഷിച്ച് വിവിധ ഏജൻസികളിലേക്കുള്ള തുക ഒടുക്കലുകൾ കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

### 1-1-11 തൊഴിൽ നികുതി ഡിമാന്റ് കൃത്യമായി നിർണ്ണയിച്ച് അക്കൗണ്ട് ചെയ്തില്ല

അക്രുവൽ വരവായ തൊഴിൽ നികുതി(സ്ഥാപനം/ട്രേഡർ/പ്രോഫഷണൽ) എന്നിവയുടെ ഡിമാന്റ് നിർണ്ണയിച്ച് ബന്ധപ്പെട്ട രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൃത്യമായ ഡിമാന്റ് ഡേറ്റാബേസ് ഇല്ലാതെയാണ് പ്രസ്തുത ഡിമാന്റുകൾ അക്കൗണ്ട് ചെയ്തത്.

### 1-1-12 അക്രുവൽ വരവുകൾ മുൻകൂറായി ലഭിച്ചതിന്റെ ക്രമീകരണം ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല

അക്രുവൽ വരവുകൾ 2022-23 വർഷത്തേക്ക് മുൻകൂറായി ലഭിച്ചിരുന്നത് തൻവർഷം ക്രമീകരിച്ചത് ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററുകളിൽ പോസ്റ്റ് ചെയ്ത് കൃത്യത വ്യക്തമാക്കിയിട്ടില്ല. മുൻകൂർ വരുമാനം ലഭിച്ചതിന്റെ ക്രമീകരണം ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതായിരുന്നു.

### 1-1-13 വാടക ഡിമാന്റ് അക്കൗണ്ട് ചെയ്തതിൽ അപാകത

2022-23 വാടക ഡിമാന്റ് തുക GST ഉൾപ്പടെയാണ് ഡിമാന്റ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. കുടിശിക വാടക ഡിമാന്റ് ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-14 റിഡംഷൻ തുകയുടെ കൃത്യതയിൽ അവ്യക്തത

റിഡംഷനായി സർക്കാരിൽ നിന്ന് ലഭിക്കാനുള്ളത് 31/03/2023 ബാലൻസ് ഷീറ്റ് 431409999, 431500199 ശീർഷകങ്ങൾ പ്രകാരം 2,084,781/- രൂപയാണ്. എന്നാൽ R&P പ്രകാരം 1,383,138/- രൂപയാണ് റിഡംഷൻ ചെലവ്. വ്യത്യാസമുള്ള 701,643/- രൂപ തിരികെ ലഭിക്കാനുള്ളതാണോ എന്നതിൽ വ്യക്തതയില്ല.

### 1-1-15 KSEB-യിൽ നിക്ഷേപിച്ച തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല

പ്രോജക്ട് നം.9/23 പ്രകാരം KSEB-യിൽ നിക്ഷേപിച്ച 119,923/- രൂപയുടെ ചെലവ് മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത മൂലം ടി തുക 31/03/2023 ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുന്നില്ല. മുൻകൂർ നൽകുന്ന തുക കൃത്യമായ നിക്ഷേപ ശീർഷകത്തിൽ (460500202) അക്കൗണ്ട് ചെയ്യേണ്ടതാണ്.

### 1-1-16 ഭൂജല വകുപ്പിൽ നിക്ഷേപിച്ച തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല

പ്രോജക്ട് നം.8/23, 179/23 പ്രകാരം ഭൂജല വകുപ്പിൽ നിക്ഷേപിച്ച 122,675/- രൂപയുടെ ചെലവ് മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത മൂലം ടി തുക 31/03/2023 ലെ

ബാലൻസ് ഷീറ്റിൽ ഉൾപ്പെടുന്നില്ല. മുൻകൂർ നൽകുന്ന തുക കൃത്യമായ നിക്ഷേപ ശീർഷകത്തിൽ (460500204) അക്കൗണ്ട് ചെയ്യേണ്ടതാണ്.

**1-1-17 Prior Period Expenses/Income ന്റ ആധികാരികത വ്യക്തമാക്കിയിട്ടില്ല**

Prior Period Expenditure ആയി ക്രമീകരിച്ച 12,850/- രൂപയുടെയും Prior Period Income 1,985,155/- രൂപയുടെയും ആധികാരികത Notes On Account മുഖേന സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-1-18 ഡെപോസിറ്റ് തുക വരവ് നെഗറ്റീവായി പ്രതിഫലിക്കുന്നു**

റിസീറ്റ് & പേമെന്റ് പത്രിക RP-33 വരവ് ഭാഗത്ത് Contractors Security Deposit തുക നെഗ്റ്റീവായി കാണുന്നു. വരവ് തുക നെഗ്റ്റീവ് ആയതിന്റെ ആധികാരികത വ്യക്തമല്ല.

**1-1-19 ജനപ്രതിനിധികളുടെ മാർച്ച്-2023 ഹോണറേറിയം പേയബിൾ ആയി ക്രമീകരിച്ചില്ല**

ജനപ്രതിനിധികളുടെ മാർച്ച്-2023 ലെ ഹോണറേറിയവും അലവൻസും തൻവർഷം Payable ആയി അക്കൗണ്ട് ചെയ്തില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-27 പ്രകാരം സാമ്പത്തിക വർഷ കാലയളവിലെ ചെലവുകൾ എല്ലാം വർഷാവസാനം അക്രൂവൽ എൻട്രിയിലൂടെ Payable ആയി ക്രമീകരിക്കേണ്ടതായിരുന്നു.

**1-1-20 നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം അക്കൗണ്ട് ചെയ്യുന്നില്ല**

ഗുണഭോക്താവ് പ്രോജക്ടുകൾക്ക് നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം ചെലവ് അക്കൗണ്ട് ചെയ്യുന്നില്ല(കൃഷി പ്രോജക്ട് നം.139/23,132/23). നേരിട്ടുള്ള ഗുണഭോക്തൃ വിഹിതം വരവ് ചെലവ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ ഉൾപ്പെടേണ്ടതായിരുന്നു.

**1-1-21 ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല**

ILGMS സോഫ്റ്റ്‌വെയർ ആരംഭിച്ചതിനു ശേഷം പഞ്ചായത്ത് ഫണ്ടിൽ നിന്ന് നേരിട്ട് നടത്തുന്ന ചെലവുകൾ(ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പിൻവലിക്കലുകൾ) അക്രൂവൽ ആയിട്ടാണ് അക്കൗണ്ട് ചെയ്യുന്നത്. 2022-23 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999-Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രൂവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷം 1.13 കോടിയോളം രൂപ ടി ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്യുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ഇനം തിരിച്ച് തന്നെ ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും മേൽപറഞ്ഞ ഒരു ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്.

| ശീർഷകം | കണക്ക് ശീർഷകത്തിന്റെ പേര് |
|---|---|
| 350100101 | Amount Payable To Suppliers |
| 350100201 | Amount Payable To Contractors |
| 350100301 | Amount Payable To Conveners |
| 350100401 | Amount Payable To Professionals |
| 350100501 | Amount Payable To Elected Representatives |
| 350100901 | Amount Payable To KSEB |
| 350100902 | Amount Payable To Telephone Charge |
| 350100903 | Amount Payable To KWA |

ഉദാഹരണമായി പഞ്ചായത്ത് ഭരണസമിതി മെമ്പർമാർക്കുള്ള ഓണറേറിയം 350100501 ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്യേണ്ടതായിരുന്നു. വൈദ്യുതി ചാർജ് 350100901 ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്താണ് ചെലവഴിക്കേണ്ടത്. ചെലവുകൾ അക്രൂവൽ ചെയ്യുന്നതിലെ അപാകത 2023-24 വർഷം പരിഹരിക്കേണ്ടതാണ്. ഈ വിഷയത്തിൽ IKM-ന്റെ സഹായത്തോടെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-22 സാമൂഹ്യ സുരക്ഷ പെൻഷൻ അക്കൗണ്ട് ചെയ്യതിൽ അപാകത

തൊഴിൽ രഹിത വേതനം, വാർദ്ധക്യകാല പെൻഷൻ ചെലവുകൾ അക്കൗണ്ട് ചെയ്യിട്ടില്ല. മറ്റ് പെൻഷൻ ചെലവുകൾ ധനകാര്യ പത്രിക പ്രകാരമുള്ളത് സേവന പെൻഷൻ പോർട്ടലിലെ പെൻഷൻ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-23 തൊഴിലുറപ്പിന് മുൻകൂർ - കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നില്ല

തൊഴിലുറപ്പിന് മുൻകൂർ നൽകുന്നത് ശീർഷകം ലഭ്യമായിരുന്നിട്ടും Other Advances ലാണ് അക്കൗണ്ട് ചെയ്യുന്നത്. തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ പ്രകാരം 31/03/2023 ൽ 1,336,334/- രൂപ മുൻകൂർ ക്രമീകരിക്കാനുണ്ട്. കൃത്യമായ Deposit Register സൂക്ഷിക്കാതിരുന്നതിനാലും മുൻകൂർ കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാതിരുന്നതിനാലും ധനകാര്യ പത്രികയിൽ തൊഴിലുറപ്പിനുള്ള മുൻകൂർ എത്രയെന്ന് വ്യക്തമല്ല. തൊഴിലുറപ്പിന് മുൻകൂർ കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതും തുകയുടെ കൃത്യത ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

## 1-2 ബജറ്റ്-വിശകലനം

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 26/03/2022 ലെ 1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 22/02/2023 ലെ 3/3-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 2,019,087/- | 1,827,423/- |
| വരവ് | 126,250,630/- | 179,680,000/- |
| ആകെ | 128,269,717/- | 181,507,423/- |
| ചെലവ് | 126,884,540/- | 179,487,000/- |
| നീക്കിയിരിപ്പ് | 1,385,177/- | 2020423/- |

ബജറ്റ് പ്രകാരം 12.63 കോടി രൂപ വരവും 12.69 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 8.8 കോടി രൂപയും ചെലവ് 8.02 കോടി രൂപയുമാണുള്ളത്.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇപ്രകാരമുള്ള ഉപ-ശീർഷകങ്ങളായി (Sub-Head) അലോട്ട്മെന്റുകൾ കൂടി കണക്കാക്കി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക 2022-23**

| | |
|---|---|
| മുന്നിരിപ്പ് (01/04/2022) | 10,389,839/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 29,530,417/- |
| ആകെ | 39,920,256/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 23,658,926/- |

| | |
|---|---|
| നീക്കിയിരിപ്പ് (31/03/2023) | 16,261,330/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2022-23**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 88,018,523/- |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 80,154,938/- |
| പ്രവർത്തന മിച്ചം (Gross Surplus) | 7,863,585/- |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 1,972,305/- |
| അറ്റ പ്രവർത്തന മിച്ചം (Net Surplus) | 9,835,890/- |

**2022-23 ഓഡിറ്റ് സംക്ഷിപ്തം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | 24,074/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2551447/- |

## 1-4 ഗ്രാന്റ് വിനിയോഗം

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11,954,000/- (119,540/-) | 11,834,460/- | 11,775,533/- | 58,927/- | 99.50 |
| വികസന ഫണ്ട്-SCSP | 0 | 1,970,000/- | 1,970,000/- | 1,863,491/- | 106,509/- | 94.59 |
| വികസന ഫണ്ട്-TSP | 0 | 191,000/- | 191,000/- | 154,616/- | 36,384/- | 80.95 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 2353486/- | 2458536/- | 4812022/- | 1,773,662/- | 3038360/- | 36.85 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 3,844,605/- | 3844605/- | 2069336/- | 1775269/- | 53.82 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 7,764,000/- | 7,764,000/- | 4,456,078/- | 3,307,922/- | 57.39 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 4,570,000/- | 4,570,000/- | 4,502,561/- | 67,439/- | 98.52 |

വികസന ഫണ്ടിൽ നിന്ന് KURDFC വായ്പ തിരിച്ചടവിനും അംഗൻവാടി ഹോണറേറിയത്തിനും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 23/06/2022 ലെ G.O.(Rt) No.4585/2022/Fin പ്രകാരം ട്രഷറിയിൽ ലഭിച്ച അധിക അലോട്ട്മെന്റിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് | അധിക/ ക്യാരി ഓവർ | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | അലോട്ട്മെന്റ് | അലോട്ട്മെന്റ് | | | |
| വികസന ഫണ്ട്-General | 11,954,000/- | (119,540/-) | 11,834,460/- | 184/23-262,800/- 185/23-262,800/- 201/23-262,800/- 186/23-673,202/- 200/23-673,203/- ആകെ-2,134,805/- | 9,699,655/- |
| വികസന ഫണ്ട്-SCSP | 1,970,000/- | ഇല്ല | 1,970,000/- | 187/23-303,145/- 198/23-303,146/- ആകെ-606,291/- | 1,363,709/- |
| വികസന ഫണ്ട്-TSP | 191,000/- | ഇല്ല | 191,000/- | 188/23-14,308/- 199/23-14,308/- ആകെ-28,616/- | 162,384/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Untied | 2,079,000/- | 291,810/- പലിശ-122,228/- | 2,493,038/- | ഇല്ല | 2,493,038/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied | 3,118,000/- | 726,605/- | 3,844,605/- | ഇല്ല | 3,844,605/- |

ആകെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ചെലവഴിക്കാതെയുള്ള തുക 4813629/- രൂപയിൽ 4520388/- രൂപ ബാങ്കിൽ(Kerala Gramin Bank Account No.40581101036905) നീക്കിയിരിപ്പായി അവശേഷിക്കുന്നു. 293241/- രൂപയാണ് ലാപ്സായത്. വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2022-23 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 122,228/- രൂപ വരവായി ACR,Grant Statement എന്നിവയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ACR/Grant Statement-ലെ അലോട്ട്മെന്റിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.
3. 2022-23 ധനകാര്യ പത്രിക പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അക്കൗണ്ടിൽ ലഭിച്ച 122,228/- രൂപ പലിശയിൽ 87,726/- രൂപ മാത്രമാണ് അടിസ്ഥാന ഗ്രാന്റിൽ ചേർത്ത് വരവായി അക്കൗണ്ട് ചെയ്തത്. 01/11/2022 ൽ ലഭിച്ച 34,502/- രൂപ പലിശ ഗ്രാന്റായി അക്കൗണ്ട് ചെയ്തിട്ടില്ല.
4. ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുന്നിരിപ്പ് ഫണ്ട് ധനകാര്യ പത്രിക പ്രകാരമുള്ളത് ഇ-ഗ്രാമ സ്വരാജ് പോർട്ടലിലെ മുന്നിരിപ്പ് ഫണ്ടുമായി പൊരുത്തപ്പെടുന്നില്ല.
5. ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് ബിൽ നം.53/03-08-2022 പ്രകാരമുള്ള 16,125/- രൂപയുടെ ചെലവ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. ടൈഡ് ഗ്രാന്റിന്റെ ഗ്രാന്റ് പത്രികയിലെ ചെലവും എ.സി.ആറിലെ ചെലവും തമ്മിൽ 16,125/- രൂപയുടെ വ്യത്യാസം കാണുന്നു.
6. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം വ്യക്തമാക്കുന്ന എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. ചെലവ് പത്രികയിലെയും ധനകാര്യ പത്രികയിലെയും ഗ്രാന്റുകളുടെ വിനിമയ കണക്കുകളിൽ അപാകതയും അവ്യക്തതയും ഉള്ളതിനാൽ വിശദാംശം പ്രത്യേക ഖണ്ഡികയായി ചേർക്കുന്നു.

സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 14-ാം പഞ്ചവത്സരപദ്ധതിയിലെ (2022-27) ആദ്യ വാർഷികപദ്ധതിയ്ക്ക് (2022-23) 23-02-2023ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(4)-ാം നമ്പർ തീരുമാനപ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതിയുടെ 06-03-2023ലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവു പ്രകാരം ഭേദഗതി നിർദ്ദേശങ്ങളോടെ വാർഷികപദ്ധതിയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചു. വാർഷികപദ്ധതിയിൽ 39 സ്പിൽഓവർ പ്രോജക്ടുകളും 122 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 161 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 69,84,69,076/- രൂപയാണ്. വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 31-12-2021 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 23-05-2022 |
| ഗ്രാമസഭ | 19-05-2022 മുതൽ 22-5-22 |
| വികസനസെമിനാർ | 02-06-2022 |
| പദ്ധതി അന്തിമമാക്കൽ-ജനറൽ കമ്മറ്റി അംഗീകാരം | 23-02-2023 |

**പദ്ധതിനിർവ്വഹണം**

അംഗീകാരം ലഭിച്ച 161 പ്രോജക്ടുകളിൽ 147 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 3,05,75,856/- രൂപയാണ്. ചെലവ് 4.37% മാത്രം. സംസ്ഥാനാവിഷ്കൃത ഫണ്ട് 6.85 കോടിയിലധികം വകയിരുത്തി വിഇഒ പ്രോജക്റ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും തുകയൊന്നും തൻവർഷം ചെലവഴിച്ചില്ല. ജില്ലാപഞ്ചായത്ത് , ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 21.79കോടി, 19.77കോടി വീതം വകയിരുത്തി പ്രൊജക്റ്റുകൾ തയ്യാറാക്കിയിരുന്നുവെങ്കിലും അത്രയും തുകകൾ ടി സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായിരുന്നില്ല. ലൈഫ് പദ്ധതിയ്ക്ക് വായ്പ തുക വകയിരുത്തിയിരുന്നത് 17.2കോടി രൂപയായിരുന്നു. എന്നാൽ തൻവർഷം എടുത്ത വായ്പ 5.40ലക്ഷം മാത്രമാണ്. ടി തുക തന്നെ ചെലവഴിച്ചിരുന്നുമില്ല. അടങ്കൽ തുക പെരുപ്പിച്ച് കാണിച്ച് പ്രൊജക്റ്റുകൾ തയ്യാറാക്കുന്നത് ശരിയായ പ്രവണതയല്ല. . മേല്പറഞ്ഞ വസ്തുതകൾ ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സമഗ്രവിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്.

**നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ**

പദ്ധതി നിർവ്വഹണചുമതല 12 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചുനൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയവ | നടപ്പാക്കിയവ | വകയിരുത്തിയ തുക | ചെലവ് തുക | ചെലവു % |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 5 | 10,14,307/- | 3,76,127/- | 37.08 |
| 2 | വെറ്ററിനറി സർജൻ | 5 | 5 | 14,93,950/- | 9,11,240/- | 60.99 |
| 3 | മെഡിക്കൽ ഓഫീസർ (PHC) | 9 | 7 | 20,14,447/- | 15,89,790/- | 78.91 |
| 4 | മെഡിക്കൽ | 3 | 2 | 165,000/- | 115,000/- | 69.69 |

| | | | | | | |
|---|---|---|---|---|---|---|
| | ഓഫീസർ(ഹോമിയോ) | | | | | |
| 5 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 2 | 2 | 3,15,000/- | 3,14,990/- | 99.99 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18 | 15 | 65,92,10,692/- | 53,88,477/- | 0.82 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 8 | 47,80,768/- | 34,08,912/- | 71.30 |
| 8 | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 35 | 27 | 92,01,969/- | 50,30,193/- | 54.66 |
| 9 | അസിസ്റ്റന്റ് എൻജിനീയർ(LI & EW) | 62 | 43 | 1,79,01,763/- | 1,16,25,183/- | 64.94 |
| 10 | ഹെഡ്മാസ്റ്റർ | 3 | 3 | 2,15000/- | 2,14,215/- | 99.63 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 15,15,700/- | 10,15,209/- | 67.01 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 6,40,480/- | 5,86,520/- | 91.57 |
| | **ആകെ** | 161 | **125** | **69,84,69,076/-** | **3,05,75,856/-** | **4.37** |

**വാർഷികപദ്ധതി വിലയിരുത്തൽ**

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർക്ക് 0.82% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് വൻതുകകൾ ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ലോൺ, സംസ്ഥാനാവിഷ്കൃത ഫണ്ട് തുകകളായി വകയിരുത്തിയിരുന്നുവെങ്കിലും തൻവർഷം ലഭിക്കുകയോ ചെലവഴിക്കുകയോ ചെയ്തിരുന്നില്ല. മേൽപറഞ്ഞ കാരണങ്ങളെല്ലാം തന്നെ ആകെ ചെലവ് ശതമാനം കുറയുന്നതിന് ഇടയാക്കി.

**സഞ്ചിതനിധിയിലേയ്ക്ക് 35 ലക്ഷത്തിലധികം രൂപ തിരികെ എടുക്കപ്പെട്ടു**

പ്രോജക്റ്റുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 58,927/- |
| വികസന ഫണ്ട്-SCSP | 106,509/- |
| വികസന ഫണ്ട്-TSP | 36,384/- |
| മെയിന്റനൻസ്ഗ്രാന്റ്-Road | 3,307,922/- |
| മെയിന്റനൻസ്ഗ്രാന്റ്-Non Road | 67,439/- |
| ആകെ | 35,77,181/- |

**മോണിറ്ററിംഗ്**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്റ്റുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

**1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി**

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം

106 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 611 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 138 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 138 പ്രവൃത്തികൾ പൂർത്തീകരിച്ചു. 33873 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 151 അയൽക്കൂട്ടങ്ങളിൽ 151 എണ്ണവും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 461 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി, വൃക്ഷത്തൈ നടീൽ, കാലിത്തൊഴുത്ത്, ആട്ടിൻകൂട് തുടങ്ങിയ വ്യക്തിഗത നിർമ്മാണ പ്രവൃത്തികളും പഞ്ചായത്തിന്റെ ആസ്തിയായ റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തിയും ചെയ്തിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. കണക്കുകൾ ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| വരവ് | | ചെലവ് | |
|---|---|---|---|
| **മുന്നിരിപ്പ് (01/04/2022)** | **7,735/-** | Skilled Labour(DBT) | 935,897/- |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 702,206/- | Unskilled Labour(DBT) | 10,457,329/- |
| പലിശ വരവ് | 5,607/- | Material(DBT) | 2,176,980/- |
| GIS വരവ് | 29,480/- | **ആകെ DBT ചെലവ്** | **13,570,206/-** |
| **ആകെ നേരിട്ടുള്ള വരവ്** | **737,293/-** | ശമ്പളം | 1,362,718/- |
| Skilled Labour | 935,897/- | പ്രിന്റിങ്ങ് & സ്റ്റേഷനറി | 1,450/- |
| Unskilled Labour | 10,457,329/- | GIS ചെലവ് | 25,166/- |
| Material | 2,176,980/- | **ആകെ നേരിട്ടുള്ള ചെലവ്** | **1,389,334/-** |
| **ആകെ DBT വരവ്** | **13,570,206/-** | തനത് ഫണ്ടിലേക്ക് മുൻകൂർ തിരിച്ചടവ് | 702,206/- |
| പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻകൂർ | 1,362,718/- | **നീക്കിയിരിപ്പ്(31/03/2023)** | **16,206/-** |
| **ആകെ** | **15,677,952/-** | **ആകെ** | **15,677,952/-** |

Skilled/Unskilled Labour, Material Cost എന്നിവ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ടാണ് നൽകുന്നത് (Direct Beneficiary Transfer-DBT). ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 1,336,334/- രൂപയാണ് 31/03/2023-ൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുൻകൂർ നൽകിയതിൽ തിരികെ ക്രമീകരിക്കാനുള്ളത്. തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി മുൻകൂർ ക്രമീകരിക്കേണ്ടതാണ്.

### 1-7 ക്ഷേമപദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2625800 | 1775 |
| കർഷക തൊഴിലാളി പെൻഷൻ | 141600 | 94 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിതരായ സ് പെൻഷൻ | 74200 | 47 |
| വികലാംഗ പെൻഷൻ | 282400 | 180 |
| വിധവ പെൻഷൻ | 986800 | 632 |
| വികലാംഗ പെൻഷൻ | 12000 | 9 |

. ക്ഷേമപെൻഷനുകളുടെ വിവരം വാർഷിക ധനകാര്യ പത്രികയിൽ കൃത്യമായിട്ടല്ല ഉൾപ്പെട്ടിട്ടുള്ളത്. സേവന സോഫ്റ്റ് വെയർ പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.11.2023 ന് 3.00 പി എം ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 9721/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ചെലവ് വൗച്ചറുകളും അനുബന്ധ രേഖകളുടെയും സൂക്ഷിപ്പ് പൊതുവിൽ തൃപ്തികരമാണെങ്കിലും ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ സർക്കാരിലേക്ക് ഒടുക്കാനുള്ള വിവിധ തുകകളുടെ വിനിമയം സൂചിപ്പിക്കുന്ന രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെയും, വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേര്, മേൽവിലാസം എന്നിവ രേഖപ്പെടുത്തിയ മാസ്റ്റർ ഇംകുമ്പൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. ഓഡിറ്റ് വർഷം ഒരു തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് യോഗനടപടികൾ ശരിയായ രീതിയിൽ മിനിട്സ് ചെയ്യപ്പെട്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയോ പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല. രജിസ്റ്ററുകളുടെയും രേഖകളുടെയും പരിപാലനം കൃത്യമാക്കുന്നതിനും, ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

**തൊഴിലുറപ്പ് പദ്ധതി -ഗ്രാമപഞ്ചായത്തിലെ സോഷ്യൽ ഓഡിറ്റ് സംവിധാനം ഫലപ്രദമല്ല.**

പദ്ധതിയുമായി ബന്ധപ്പെട്ട ധനവിനിയോഗം എത്രമാത്രം ജനങ്ങൾക്ക് പ്രയോജനകരമായിട്ടുണ്ടെന്ന് ജനങ്ങളുടെ പങ്കാളിത്തത്തോടെ വിലയിരുത്തുകയാണ് സോഷ്യൽ ഓഡിറ്റിന്റെ ലക്ഷ്യം . എംജിഎൻആർഇജിഎസ് ഉൾപ്പടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നടപ്പാക്കുന്ന എല്ലാ വികസനപ്രൊജക്റ്റുകളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. പദ്ധതിയുടെ ഗുണഭോക്താക്കളായ ജനങ്ങളാണ് സോഷ്യൽ ഓഡിറ്റ് നടത്തേണ്ടത്. ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനിറ്റ്സ് പരിശോധിച്ചതിൽ പരാതികളൊന്നും ഉള്ളതായി കണ്ടിരുന്നില്ല. എന്നാൽ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് നിരവധി പരാതികൾ

ഓംബുഡ്സ്മാനിലും വിജിലൻസിലും നിലനിൽക്കുന്നുണ്ട്. സോഷ്യൽ ഓഡിറ്റ് ടീമിന്റെ ഫീൽഡ് തല പരിശോധനയുടെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ഫോർമാറ്റിൽ വിവരങ്ങൾ അപ് ലോഡ് ചെയ്യേണ്ടതാണ് എന്ന കേന്ദ്രനിർദ്ദേശം പാലിച്ചിരുന്നില്ലായെന്ന് കാണുന്നു. സോഷ്യൽ ഓഡിറ്റ് സംവിധാനം ഫലപ്രദമാക്കുവാൻ അടിയന്തിര നടപടി ഉണ്ടാവേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/04/2022 | 01/2022-03/2022 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08/08/2023 - 21/09/2023 | 2018-19 മുതൽ 2022-23 വരെ | AMG1 Wing/2023-24/ DIS-1229365 Dated 27/10/2023 |

## 1-11 ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം

വിവിധ സേവനങ്ങൾക്കും നികതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി തുക ഒടുക്കുന്നത് പഞ്ചായത്തിന്റെ 67396487164 നം. പള്ളിക്കത്തോട് എസ്.ബി.ഐ. അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. എന്നാൽ ടി വരവുകൾ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് IKM അക്കൗണ്ടിൽ നിന്നും ലഭിക്കുന്നതിന് മാസങ്ങളുടെ കാലതാമസം കാണുന്നു. വിവിധ സേവനങ്ങൾക്കുള്ള ഫീസുൾപ്പടെ ചെറിയ തുകകളും ഈ അക്കൗണ്ടിൽ ലഭിക്കുന്നതിനാൽ ഇടപാടുകളുടെ എണ്ണം കൂടുകയും തുക ഏത് വരവാണ് എന്നും എന്നാണ് തുക അക്കൗണ്ടിലേക്ക് വരവ് വന്നതെന്നും തിരിച്ചറിയുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യുന്നു. പഞ്ചായത്തിന്റെ വരുമാനം IKM-ൽ നിന്നും ലഭിക്കാൻ കാലതാമസം ഉണ്ടാകുന്ന വിഷയത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/21.11.2023) സംസ്ഥാന തലത്തിലുള്ള പ്രശ്നമായതിനാൽ സൂചിക സോഫ്റ്റ് വെയറിൽ പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഫണ്ട് യഥാസമയം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി നിർണ്ണയം-തറ നിർമ്മിതിയുടെ തരം കൃത്യമായി കണക്കാക്കിയില്ല

പഞ്ചായത്തിന്റെ 13-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ജെയസി ജോസ്, കണികത്തോട്, ചെങ്ങളം എന്ന വ്യക്തിയുടെ ഉടസ്ഥതയിലുള്ള കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ തരം കൃത്യമായി ചേർത്തിട്ടില്ല എന്ന് സഞ്ചയ ഡേറ്റാബേസിൽ നിന്ന് വ്യക്തമാകുന്നു. സാധാരണ തറ എന്നാണ് ഡേറ്റാബേസിൽ ചേർത്തിരിക്കുന്നത്. ടി കെട്ടിടത്തിന് മേൽത്തരം തറ നിർമ്മിതിയായ ടൈൽസ് ആണ് എന്ന് പരിശോധനയിൽ ബോധ്യമായി. 13/530/C നമ്പരായി 2018-19 രണ്ടാം അർദ്ധവർഷം നികുതി നിർണ്ണയിക്കപ്പെട്ട 365.61 ചതുരശ്ര മീറ്റർ കെട്ടിടം മൂന്ന് നമ്പറുകളിലായി വിഭജിച്ച് നൽകുകയാണ് 2022-23 വർഷം ചെയ്തിരിക്കുന്നത്(16/06/2022). സൂപ്പർ മാർക്കററ് ഷോപ്പിങ്ങ് മാൾ കാറ്റഗറിയിൽ ചതുരശ്ര മീറ്ററിന് 70/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചത്. നികുതി നിർണ്ണയ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | Plinth Area | അടിസ്ഥാന നികുതി(70) | വർദ്ധനവ് (20%)/ ഇളവ്(ഇല്ല) | നികുതി, Library Cess(5%), Service Cess(20%) | ആകെ തുക |
|---|---|---|---|---|---|
| XIII/530/C | 166.64 | 11664.8 | 2332.96 | 13,998/- , 700/-, 2,800/- | 17,498/- |
| XIII/530/D | 103.92 | 7274.4 | 1454.88 | 8,730/-, 437/-, 1,746/- | 10,913/- |
| XIII/530/E | 95.05 | 6653.5 | 1330.6 | 7,984/- , 400/-, 1,600/- | 9,984/- |
| ആകെ | 365.61 | 25592.7 | 5118.44 | 30,712/-, 1,537/-, 6,146/- | 38,395/- |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം-6 ലെ പട്ടിക-6 പ്രകാരം മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൻമേൽ 15% വർദ്ധനവ് നൽകേണ്ടതാണ്. പാലാ- കൊടുങ്ങൂർ റോഡിന് സമീപം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന് റോഡിന്റെ തരം അടിസ്ഥാനത്തിലുള്ള 20% നികുതി വർദ്ധനവ് മാത്രമാണ് നികുതി നിർണ്ണയത്തിൽ പരിഗണിച്ചത്. 365.61ചതുരശ്ര മീറ്റർ Plinth Area ഉള്ള കെട്ടിടം മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതിയിൽ 15% വർദ്ധനവ് നൽകി നികുതി നിർണ്ണയിക്കേണ്ടതുമായിരുന്നു. 30,712/- രൂപ നികുതി നിർണ്ണയിച്ച സ്ഥാനത്ത് ആകെ 35% നികുതി വർദ്ധനവോടെ 34,550/- രൂപ നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. 3,838/- രൂപ വസ്തുനികുതി, 192/- രൂപ ലൈബ്രറി സെസ്സ്, 768/- രൂപ ഉൾപ്പടെ ആകെ 4,798/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്. വസ്തുനികുതി നിർണ്ണയ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.22/2022-23/21-11-2023) നൽകിയതിന് അപാകത പരിഹരിച്ച് നികുതി പുനർനിർണ്ണയിക്കുമെന്ന് അറിയിച്ചു.

മേൽ കെട്ടിടത്തിന്റെ നികുതി തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കൂടി ഉൾപ്പെടുത്തി പുനർനിർണ്ണയിക്കേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി 2018-19 രണ്ടാം അർദ്ധവർഷം മുതൽ 2022-23 വരെ കുറവായി അടവാക്കിയ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിശദാംശം മറുപടിയിൽ അറിയിക്കേണ്ടതാണ്.

**1-13 12.29 ലക്ഷം രൂപ വസ്തുനികുതി കുടിശിക നിലനിൽക്കുന്നു**

31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് 12.29 ലക്ഷം രൂപ ലഭിക്കാനുള്ളതായി കാണുന്നു. കുടിശികയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വസ്തുനികുതി കുടിശിക ഇനം | തുക |
|---|---|
| പാർപ്പിടാവശ്യ കെട്ടിടനികുതി(2022-23) | 117,754/- |
| പാർപ്പിടാവശ്യ കെട്ടിടനികുതി(കുടിശിക) | 99,843/- |
| പാർപ്പിടേതര കെട്ടിടനികുതി(2022-23) | 401,045/- |
| പാർപ്പിടേതര കെട്ടിടനികുതി(കുടിശിക) | 610,095/- |

| | |
|---|---|
| ആകെ | 1,228,737/- |

2020-21 വർഷം വരെയുള്ള വസ്തുനികുതി കുടിശികയുടെ 90% പിരിച്ചെടുക്കാതിരുന്നതിനാൽ പഞ്ചായത്തിന്റെ വികസന ഫണ്ടിന്റെ 1% തൻവർഷം സർക്കാർ കുറവുചെയ്യു സാഹചര്യമുണ്ടായി. വസ്തുനികുതിയുടെ 20% ആണ് സർവ്വീസ് സെസ്സായി പഞ്ചായത്തിൽ ഈടാക്കുന്നത്. സർവ്വീസ് സെസ്സ്, ലൈബ്രറി സെസ്സ് ഉൾപ്പെടെ കുടിശിക വസ്തുനികുതി ഈടാക്കാനുള്ള അടിയന്തിര നടപടി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ടതാണ്.

**1-14 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം**

22/03/2023 ല സ.ഉ.(കൈ)നം.77/2023/LSGD, 05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചു.

വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് ഭരണസമിതി 28/04/2023 ലെ 2/1 നം. തീരുമാന പ്രകാരം നികുതി നിരക്ക് നിർണ്ണയിച്ച് അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരമുള്ള നികുതി നിരക്കുകൾ 19/06/2023 ലെ A3-2140/2023 നം. കരട് വിജ്ഞാപന പ്രകാരം ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനായി 30 ദിവസ കാലയളവ് നൽകി പ്രസിദ്ധീകരിച്ചു. ആക്ഷേപങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ നികുതി നിരക്കുകൾ അന്തിമമായി നിശ്ചയിച്ച് 16/09/2023 ലെ 18/1 നം. തീരുമാനത്തിൽ ആംഗീകരിച്ച് 10/10/2023 ൽ A3-2140/2023 പ്രകാരം അന്തിമ വിജ്ഞാപനം നടത്തി.

വസ്തുനികുതി ഡേറ്റാബേസിൽ 31/03/2023 വരെ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി ആകെ നികുതിയുടെ 5% വർദ്ധനവായി അപ്ഡേഷൻ ആയിട്ടുണ്ട്. 01/04/2023 മുതലുള്ള നികുതി നിർണ്ണയം പരിഷ്കരിച്ച സ്ലാബുകൾ പ്രകാരമാണ് നടത്തേണ്ടത്. 2023-24 വർഷത്തെ നികുതി ഡിമാന്റ് ജനറേറ്റ് ചെയ്ത് വസ്തുനികുതി അടവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**1-15 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല – നികുതി വരുമാനം നഷ്ടമായി**

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ആകെ 55 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നതിനുള്ള ഡിമാന്റ് ലിസ്റ്റാണ് (List Of Institutions) നിലവിലുള്ളത്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ, കൺസൾട്ടൻസികൾ തുടങ്ങി ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 2022-23 ജീവനക്കാരുടെ തൊഴിൽ നികുതി ലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു(ഗൂഗിൾ മാപ്പിൽ ലിസ്റ്റ് ചെയ്തവ).

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | പ്രവർത്തനം |
|---|---|---|
| 1. | കോട്ടയം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, KITS-ആനിക്കാട്, പള്ളിക്കത്തോട് | Engineering College |
| 2. | റബ്ബർ ബോർഡ് ഫീൽഡ് | Central Government |

| | | |
|---|---|---|
| | ഓഫീസ്, പള്ളിക്കത്തോട് | Board |
| 3. | അഞ്ചാനി സിനിമാസ്, പള്ളിക്കത്തോട് | 3 Screen Multiplex Theatre |
| 4. | ആശിർവാദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചേഴ്സ്, പള്ളിക്കത്തോട് | PSC/SSC Coching |
| 5. | വി-കെയർ മെഡി ലാബ്, പള്ളിക്കത്തോട് | Fully Automated Medical Lab & ECG |
| 6. | ഡെന്റ് കെയർ ഡെന്റൽ ക്ലിനിക്, പള്ളിക്കത്തോട് | Multi Speciality Dental Clinic |
| 7. | ആനിക്കാട് നിധി ലിമിറ്റഡ്, പള്ളിക്കത്തോട് | Fixed Deposits, Gold Loan |
| 8. | ശ്രീനന്ദ ഇന്റർനാഷണൽ കൺസൾട്ടന്റ്(SIC), പള്ളിക്കത്തോട് | Archetects, Civil Elecro-MechanicalEngineers |
| 9. | എം.ജി. കൺസൾട്ടൻസി, പള്ളിക്കത്തോട് | Insurance, Online Services |
| 10. | ഹരിത ആർക്കിടക്ട്സ്, പള്ളിക്കത്തോട് | Archetects -Interior Designing & Landscape |
| 11. | എൻ.എസ്.എസ്. മാട്രിമോണി, പള്ളിക്കത്തോട് | Exclusive Matrimony Services |
| 12. | ഐഡിയൽ ഫൈനാൻസ്, പള്ളിക്കത്തോട് | Gold Loan |
| 13. | എസ്. ജെ. കൺസ്ട്രക്ഷൻസ്, പള്ളിക്കത്തോട് | Construction Maintenance Office |
| 14. | തടത്തിൽ ഫിനാൻസ്, പള്ളിക്കത്തോട് | Deposits And Gold Loan |
| 15. | വെൽനെസ് പ്ലേസ്മെന്റ് & അഡ്മിഷൻ ഗൈഡൻസ്, പള്ളിക്കത്തോട് | Placement Assistance |
| 16. | ആനന്ദ് സിൽക്സ്, പള്ളിക്കത്തോട് | Dress Showroom And Shop |
| 17. | അരവിന്ദ ക്ലിനിക് & മെഡിക്കൽ ലാബ്, പള്ളിക്കത്തോട് | Medical Laboratory |
| 18. | CSC ഡിജിറ്റൽ സേവ കേന്ദ്രം, പള്ളിക്കത്തോട് | Common Service Centre |
| 19. | ഇല്ലിക്കൽ ഫിനാൻസിയേഴ്സ്, | Deposits And Gold Loan |

| | | |
|---|---|---|
| | പള്ളിക്കത്തോട് | |
| 20. | യുണൈറ്റഡ് ഫിനാൻസ്, പള്ളിക്കത്തോട് | Deposits And Gold Loan |
| 21. | ട്രിനിറ്റി ഹോമിയോപ്പതിക് ക്ലിനിക്, പള്ളിക്കത്തോട് | Multi Speciality Homeo Clinic |
| 22. | TAX PRACTICIONER, പള്ളിക്കത്തോട് | GST, IT Services |
| 23. | കുഴിമറ്റം ഫിനാൻസ്, പള്ളിക്കത്തോട് | Finance And Gold Loan |
| 24. | കേരള സ്റ്റേറ്റ് റൂട്രോണിക്സ് (Kerala State Reutronix) പള്ളിക്കത്തോട് | PGDCA, DCA, Kerala Govt.<br>Approved Computrer Course Training Institute |
| 25. | നരിപ്പാറ ഫിനാൻസ്, പള്ളിക്കത്തോട് | Finance And Gold Loan |
| 26. | United India Insurance Company Ltd., പള്ളിക്കത്തോട് | Central Government Insurance Company |
| 27. | പ്രോമിസ് ഹോം ഗ്യാലറി, പള്ളിക്കത്തോട് | Electronics Appliances Showroom |
| 28. | ഷിവാസ് കോളേജ് & യൂണിവേഴ്സിറ്റി സ്റ്റഡി സെന്റർ, പള്ളിക്കത്തോട് | Under Graduate, Post Graduate,<br>Job Oriented Training Institute |
| 29. | Physio Care Physio Therapy Centre, പള്ളിക്കത്തോട് | Multi Speciality Physio Therapy<br>Clinic & Pain Relief Centre |

പഞ്ചായത്ത് ഓഫീസിന് സമീപം തന്നെ പള്ളിക്കത്തോട് ടൗണിൽ പ്രവർത്തിക്കുന്നവയാണ് മേൽപറഞ്ഞ സ്ഥാപനങ്ങൾ. ജീവനക്കാരുടെ തൊഴിൽ നികുതി അതാത് വർഷങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ട അക്രുവൽ ചെയ്യാത്ത നികുതി വരുമാനമാണ്. ജീവനക്കാർക്ക് സ്ഥലംമാറ്റം ഉൾപ്പടെയുള്ള സാഹചര്യങ്ങൾ ഉള്ളതിനാൽ അവരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതെയും സമയബന്ധിതമായി പഞ്ചായത്തിൽ ഒടുക്കാതെയും തുടരുന്നത് പഞ്ചായത്ത് ഫണ്ടിന് നികുതി നഷ്ടത്തിന് ഇടയാക്കും. പഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വലിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നതിനാൽ തനത് വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി. അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.6/2022-23/16-11-2023) നൽകിയതിന് 32 സ്ഥാപനങ്ങളിൽ മൂന്ന് സ്ഥാപനങ്ങളിലെ ജീവനക്കാർ നികുതി ഒടുക്കിയതായി അറിയിച്ചു. ബാക്കി 29 സ്ഥാപനങ്ങളെയാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്.

പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ലിസ്റ്റ്(List Of Institutions) പരിഷ്കരിക്കേണ്ടതാണ്. പട്ടികയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2022-23 വർഷത്തെ തൊഴിൽ നികുതി നടപ്പ് സാമ്പത്തിക വർഷത്തിൽ Prior Period Tax റവന്യൂ ശീർഷകത്തിൽ വരവായി സ്വീകരിച്ച ശേഷം ബന്ധപ്പെട്ട രസീതുകൾ ഉൾപ്പെടെ ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-16 ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2022-23 ലെ സ്ഥാപനങ്ങളുടെ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡി.സി.ബി. പത്രിക പ്രകാരം 12 സ്ഥാപനങ്ങളിൽ നിന്ന് 45,000/- രൂപയാണ് ഡിമാന്റ് ചെയ്തത്. പഞ്ചായത്ത് പരിധിയിലുള്ള തീയേറ്റർ, സ്വകാര്യ ഏജൻസികൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയ 41 സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഡി.സി.ബി. പത്രികയിൽ നിന്ന് വ്യക്തമാകുന്നു. പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ ടേണോവർ അടിസ്ഥാനത്തിലുള്ള പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു(ഗൂഗിൾ മാപ്പിൽ ലിസ്റ്റ് ചെയ്തത്).

| ക്രമനം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | ആശിർവാദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചേഴ്സ്, പള്ളിക്കത്തോട് |
| 2. | ഷിവാസ് കോളേജ് & യൂണിവേഴ്സിറ്റി സ്റ്റഡി സെന്റർ, പള്ളിക്കത്തോട് |
| 3. | ആനിക്കാട് നിധി ലിമിറ്റഡ്, പള്ളിക്കത്തോട് |
| 4. | ശ്രീനന്ദ ഇന്റർനാഷണൽ കൺസൾട്ടന്റ്(SIC), പള്ളിക്കത്തോട് |
| 5. | അഞ്ചാനി സിനിമാസ് മൾട്ടിപ്ലക്സ് തീയേറ്റർ, പള്ളിക്കത്തോട് |
| 6. | എം.ജി. കൺസൾട്ടൻസി, പള്ളിക്കത്തോട് |
| 7. | എൻ.എസ്.എസ്. മാടിമോണി, പള്ളിക്കത്തോട് |
| 8. | ഐഡിയൽ ഫൈനാൻസ്, പള്ളിക്കത്തോട് |
| 9. | തടത്തിൽ ഫിനാൻസ്, പള്ളിക്കത്തോട് |
| 10. | വെൽനെസ് പ്ലേസ്മെന്റ് & അഡ്മിഷൻ ഗൈഡൻസ്, പള്ളിക്കത്തോട് |
| 11. | ADA Kagan Water Experience Centre, പള്ളിക്കത്തോട് |
| 12. | ഇല്ലിക്കൽ ഫിനാൻസിയേഴ്സ്, പള്ളിക്കത്തോട് |
| 13. | യുണൈറ്റഡ് ഫിനാൻസ്, പള്ളിക്കത്തോട് |
| 14. | ഗ്രേയ്സ് ഡ്രൈവിങ്ങ് സ്കൂൾ, പള്ളിക്കത്തോട് |
| 15. | TAX PRACTICIONER, പള്ളിക്കത്തോട് |
| 16. | കുഴിമറ്റം ഫിനാൻസ്, പള്ളിക്കത്തോട് |
| 17. | കേരള സ്റ്റേറ്റ് റൂട്രോണിക്സ്, പള്ളിക്കത്തോട് |
| 18. | ഫ്രഷ്നെസ് ഗ്രൂപ്പ്, പള്ളിക്കത്തോട് |
| 19. | ലക്ഷ്മി മോട്ടോർ ഡ്രൈവിങ്ങ് സ്കൂൾ, പള്ളിക്കത്തോട് |
| 20. | നരിപ്പാറ ഫിനാൻസ്, പള്ളിക്കത്തോട് |
| 21. | United India Insurance Company Ltd., പള്ളിക്കത്തോട് |
| 22. | E-Biz Computers IT Solutions, പള്ളിക്കത്തോട് |
| 23. | പിട്ടിനാൽ അയ്യപ്പൻ പിള്ള ഓഡിറ്റോറിയം, പള്ളിക്കത്തോട് |
| 24. | ഉള്ളിരിപ്പിൽ വേയ് ബ്രിഡ്ജ്(Weigh Station), പള്ളിക്കത്തോട് |

| | |
|---|---|
| 25. | Physio Care Physio Therapy Centre, പള്ളിക്കത്തോട് |
| 26. | P.A. Joy Memorial Sports Complex(TURF), പള്ളിക്കത്തോട് |
| 27. | Turf Of Pallikkathod-TURF, പള്ളിക്കത്തോട് |

പഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വലിയ സ്ഥാപനങ്ങൾക്ക് പരമാവധി നികുതിയായ 2,500/- രൂപ നികുതി ചുമത്താവുന്നതായിരുന്നു. അക്രൂവൽ ഡിമാന്റ് കണക്കാക്കി ഈടാക്കുന്ന ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നത് പഞ്ചായത്തിന് നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കിയിട്ടുണ്ട്. ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ബാധകമായ സ്ഥാപനങ്ങളുടെ ഡിമാന്റ് ലിസ്റ്റ് തയ്യാറാക്കി നികുതി ഡിമാന്റ് ചെയ്യാതിരുന്നതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നികുതി നഷ്ടത്തിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.5/2022-23/16-11-2023) നൽകിയതിന് മറുപടിയിൽ 12 സ്ഥാപനങ്ങൾ ട്രേഡർ എന്ന വിഭാഗത്തിൽ തൊഴിൽ നികുതി ഒടുക്കിയെന്നും 2 സ്ഥാപനങ്ങൾ 2023-24 ലാണ് പ്രവർത്തനം തുടങ്ങിയത് എന്നും അറിയിച്ചു. ആയതിനാൽ മറുപടി നൽകിയ 14 സ്ഥാപനങ്ങളെ ഒഴിവാക്കി പഞ്ചായത്ത് പരിധിയിലുള്ള 27 സ്ഥാപനങ്ങളെയാണ് പട്ടികയിൽ ഉൾപ്പെടുത്തിയത്.

മേൽവിവരിച്ച സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റ് പരിഷ്കരിച്ച് നികുതി ഡിമാന്റ് 2022-23 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കേണ്ടതും സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. പുതുക്കിയ ഡിമാന്റ് പ്രകാരം ഉൾപ്പെടുത്തിയ സ്ഥാപനങ്ങളുടെ 2022-23 നികുതി തുക നടപ്പ് സാമ്പത്തിക വർഷം Prior Period Tax ശീർഷകത്തിൽ നിന്ന് Receivable For Profession Tax-Institutions(Arrear) ശീർഷകത്തിലേക്ക് അക്രൂവൽ എൻട്രി നടത്തിയ ശേഷം കുടിശിക നികുതിയായി അടവാക്കേണ്ടതാണ്. 2022-23 നികുതി കുടിശിക ഒടുക്കിയ രസീതുകളും പുതുക്കിയ ഡിമാന്റ് ലിസ്റ്റ്, ഡി.സി.ബി. എന്നിവ ഉൾപ്പെടെ പ്രഥമ മറുപടി നൽകേണ്ടതാണ്.

## 1-17 ട്രേഡർമാരുടെ ലൈസൻസ്/തൊഴിൽ നികുതി-അടിസ്ഥാന ഡേറ്റ തയ്യാറാക്കിയിട്ടില്ല

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിലെ ട്രേഡർമാരുടെ എണ്ണവും വിവരവും സംബന്ധിച്ച് വാർഡ് അടിസ്ഥാനത്തിൽ കൃത്യമായ ഡാറ്റയായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഔദ്യോഗിക ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ പഞ്ചായത്ത് പ്രദേശത്തെ 13 വാർഡുകളിലെയും ട്രേഡർമാരുടെ ലൈസൻസ്/തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമാണോ എന്നതിൽ വ്യക്തതയില്ല. പഞ്ചായത്തിൽ ലഭ്യമായ 2022-23 ലൈസൻസൻസ് രജിസ്റ്റർ പ്രകാരം 290 ട്രേഡർമാരെയാണ് ലൈസൻസ്/തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിലുള്ളത്. 2022-23 ലൈസൻസ് രജിസ്റ്ററിലാണ് ട്രേഡർ തൊഴിൽ നികുതി വിവരവും ചേർക്കുന്നത്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡർമാരുടെ വിവരം ലഭ്യമല്ലാത്തതിനാൽ വാർഡ് അടിസ്ഥാനത്തിൽ ഡി.സി.ബി.-യും തയ്യാറാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.25/2022-23/21-11-2023) നൽകിയതിന് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി/ലൈസൻസ് വാർഡ് അടിസ്ഥാനത്തിൽ ഡിമാന്റ് ക്രമീകരിക്കുമെന്ന് മറുപടി നൽകി.

പഞ്ചായത്തിന്റെ 13 വാർഡുകളിലെ ട്രേഡേഴ്സിന്റെ ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ ലൈസൻസ് ഡിമാന്റും ട്രേഡർ തൊഴിൽ നികുതി ഡിമാന്റും നിർണ്ണയിച്ച് ലൈസൻസ് നടപടികൾ പൂർത്തിയാക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ ലൈസൻസ്/ട്രേഡർ തൊഴിൽ നികുതി ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ട്രേഡർമാരുടെ ലൈസൻസ് ഡിമാന്റ് നടപടികൾ മേൽപറഞ്ഞ വിധം ക്രമീകരിച്ച് അനുബന്ധരേഖകൾ ഉൾപ്പെടെ മറുപടി നൽകേണ്ടതാണ്.

## 1-18 കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കരാറുകാരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2022-23 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത്

രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2022-23 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി |
|---|---|
| 1. | പി. എസ്. രവീന്ദ്രൻ നായർ |
| 2. | ജോഷി തോമസ് |
| 3. | വേണുകുമാർ |
| 4. | രമേഷ് സി. എസ്. |
| 5. | റ്റി. വി. മാത്യു |
| 6. | എബ്രഹാം തോമസ് |
| 7. | സജികുമാർ കെ. എൻ. |

കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.2/2022-23/15-11-2023) നൽകിയതിന് മറുപടി ലഭിച്ചില്ല. കരാറുകാരുടെ തൊഴിൽ നികുതി 2022-23 വർഷത്തേത് കുടിശികയായി Prior Period Tax ശീർഷകത്തിൽ അടവാക്കി രസീതിന്റെ പകർപ്പ് ഉൾപ്പെടെ പ്രഥമ മറുപടി നൽകേണ്ടതാണ്.

**1-19 അഞ്ചാനി സിനിമാസ് തീയേറ്റർ വിനോദ നികുതി ഒടുക്കാതെ പ്രവർത്തിക്കുന്നു**

1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് നിയമം വകുപ്പ് 3 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് അവയുടെ പരിധിയിൽ പ്രവർത്തിക്കുന്ന സിനിമ തീയേറ്ററുകളിൽ നിന്ന് ടിക്കറ്റിന്റെ നിശ്ചിത ശതമാനം വിനോദ നികുതി ഈടാക്കേണ്ടതാണ്. ഇ-ടിക്കറ്റിങ്ങ് നിലവിൽ വന്നതിനും ചരക്ക് സേവന നികുതി പ്രാബല്യത്തിലായതിനും ശേഷം മേൽ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി 31/08/2019 ലെ സ.ഉ.(കൈ) നം.112/2019/തസ്വഭവ പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റിന് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റിന് 8.5% എന്നിങ്ങനെ വിനോദ നികുതി നിരക്ക് 01/09/2019 പ്രാബല്യത്തിൽ പുനർനിശ്ചയിച്ചു. കോവിഡ്-19 സമയത്തെ 22/11/2021 ലെ സ.ഉ.(സാധാ) നം.2358/2021/തസ്വഭവ പ്രകാരമുള്ള നികുതിയിളവ് 31/12/2021-ൽ അവസാനിച്ച ശേഷം 01/01/2022 മുതൽ പഞ്ചായത്ത് വിനോദ നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 3 സ്ക്രീനുകൾ ഉള്ള മൾട്ടിപ്ലക്സ് തീയേറ്ററായ പള്ളിക്കത്തോട് അഞ്ചാനി സിനിമാസ് 2022-23 വർഷം വിനോദ നികുതി ഒടുക്കാതെ പ്രവർത്തിച്ചതായി കാണുന്നു. ടി തീയേറ്ററിലെ സീറ്റുകളുടെ എണ്ണവും ടിക്കറ്റ് നിരക്കും Www.bookmyshow.com വെബ്സൈറ്റ് പ്രകാരമുള്ളത് താഴെ ചേർക്കുന്നു.

| സ്ക്രീനിന്റെ പേര്/ നമ്പർ | സീറ്റുകളുടെ തരം/എണ്ണം(ടിക്കറ്റ് നിരക്ക്) | | ആകെ സീറ്റ് |
|---|---|---|---|
| | Platinum(250/- രൂപ) | Gold(150/- രൂപ) | |
| Screen-1 | 16 | 171 | 187 |
| Screen-2 | 14 | 153 | 167 |
| Screen-3 | 12 | 117 | 129 |
| ആകെ | 42 | 441 | 483 |

150/- രൂപ 250/- എന്നിങ്ങനെയുള്ള ടിക്കറ്റിൽ ടിക്കറ്റ് ചാർജ്, 18% GST, 8.5% വിനോദ നികുതി ഉൾപ്പെടെയുള്ള തുകയാണ്. 31/08/2019 -ലെ മേൽപറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം തീയേറ്ററുകൾ

ഓരോ മാസവും 18% ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി (Monthly GST Return Statement) വിനോദ നികുതിയിനത്തിൽ 8.5% പിരിച്ച തുക തൊട്ടടുത്തമാസം 3-ാം തീയതിക്കുള്ളിൽ തദ്ദേശഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതായിരുന്നു. 2022-23 ധനകാര്യ പത്രിക പ്രകാരം തൻവർഷം വിനോദ നികുതിയിനത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് തുകയൊന്നും ലഭിച്ചിട്ടില്ല. 483 സീറ്റുകളുള്ള സിനിമ തീയേറ്ററിന്റെ വിനോദ നികുതി 2022-23 വർഷം മുഴുവനും പിരിച്ച തുക പഞ്ചായത്തിൽ ഒടുക്കാതിരുന്നതിനാൽ നികുതിയിനത്തിൽ ഭീമമായ നഷ്ടം ഉണ്ടായിട്ടുണ്ട്. സാമ്പത്തിക വർഷം മുഴുവനും വിനോദ നികുതി ഒടുക്കാതെ പ്രവർത്തിച്ച തീയേറ്ററിൽ നിന്നും നികുതി ഈടാക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും നിയമ നടപടികൾ ഒന്നും ഉണ്ടായതായി കാണുന്നില്ല. നികുതി നഷ്ടത്തിനും മേൽപറഞ്ഞ നിയമത്തിന്റെയും സർക്കാർ ഉത്തരവിന്റെയും വ്യക്തമായ ലംഘനം നടന്നതിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.1/2022-23 /15-11-2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

അഞ്ചാനി സിനിമാസിന്റെ 2022-23 ലെ ഓരോ മാസത്തെയും GST Return Statement, Monthly Ticket Collection Statement എന്നിവ ലഭ്യമാക്കി ആനുപാതികമായ വിനോദ നികുതി പഞ്ചായത്ത് ഫണ്ടിൽ Prior Period Tax ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. നികുതി ഒടുക്കാൻ വിഴ്ച വരുത്തിയ കാലയളവിൽ നിയമാനുസൃത പിഴപ്പലിശയും അടവാക്കേണ്ടതാണ്. നികുതി ഒടുക്കിയ ശേഷം ഓരോ മാസത്തെയും റിട്ടേണുകളുടെ പകർപ്പും നികുതി ഒടുക്ക് വിവരവും മറുപടിയിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിയമാനുസൃതമല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-20 വാടക കുടിശ്ശിക നിലനിൽക്കുന്നു

ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം വരെയുള്ള കാലയളവിലെ വാടക കുടിശിക ഇനത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കുവാൻ ഭീമമായ തുക അവശേഷിക്കുന്നു. വാടക കുടിശിക വരുത്തിയ കുത്തകക്കാരുടെ പേര് വിവരങ്ങൾ, കുടിശിക തുക, കാലയളവ് തുടങ്ങിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കുത്തകക്കാരന്റെ പേര് | കാലയളവ് | കുടിശിക തുക |
|---|---|---|---|---|
| 1 | ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് XIII/ 547 | സുനിൽ കെ ശങ്കർ കടലിമറ്റം | 04/2018 മുതൽ 03/2023 വരെ | 99780 |
| 2 | വില്ലേജ് ഹട്ട് VII/ 118 | ബിന്ദു സുരേഷ് വാകത്താനത്ത് | 04/2019 മുതൽ 03/2023 വരെ | 76251 |
| 3 | വില്ലേജ് ഹട്ട് VII/ 116 | വിജയമ്മ കരിയ്ക്കകത്ത് | 04/2021 മുതൽ 03/2023 വരെ | 44136 |
| | | ആകെ | | 220167 |

വാടക കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നതിന് വിശദീകരണവും കുടിശ്ശിക തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം രേഖകൾ സഹിതം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13,14/18.11.2023) മേൽ കുടിശ്ശികക്കാരിൽ ബിന്ദു സുരേഷ്, വിജയമ്മ

എന്നിവരിൽ നിന്നും വാടക കുടിശ്ശിക ഈടാക്കിയിട്ടുണ്ടെന്നും നിലവിൽ മുറികൾ ഒഴിഞ്ഞിട്ടുണ്ടെന്നും സുനിൽ ശങ്കർ എന്ന വ്യക്തിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക തുക അടവാക്കിയതിന്റെ രേഖകൾ സമർപ്പിച്ചിട്ടില്ല. വാടക കുടിശ്ശിക വരുത്തിയവർക്ക് തുടർ വർഷങ്ങളിലും മുറികൾ വാടകയ്ക്ക് നൽകിയത് അപാകതയാണ്. കുടിശ്ശിക തുക ഈടാക്കുന്നതിന് നിയമപരമായ നടപടികൾ സ്വീകരിച്ച് തുക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ വിവരമറിയിക്കേണ്ടതാണ്.

## 1-21 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ ഒഴിഞ്ഞു കിടക്കുന്നു

വാടക രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, വില്ലേജ് ഹട്ട് എന്നീ മൂന്ന് കെട്ടിടങ്ങളിലെ വിവിധ മുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന മുറികൾ 2022-23 സാമ്പത്തിക വർഷം ഒഴിവായി കിടക്കുന്നതായി കാണുന്നു.

| ക്രമ നമ്പർ | മുറി നമ്പർ |
|---|---|
| 1 | II/543 |
| 2 | II/544 |
| 3 | VII/112 |
| 4 | VII/113 |
| 5 | VII/114 |
| 6 | VII/115 |
| 7 | VII/116 |
| 8 | VII/117 |
| 9 | VII/118 |
| 10 | XIII/545 |
| 11 | XIII/546 |
| 12 | XIII/548 |

പഞ്ചായത്തിന്റെ ആസ്തികൾ ഇപ്രകാരം നിഷ്ക്രിയാസ്തികളാക്കാതെ വാടക നിരക്കിൽ മാറ്റം വരുത്തി മുറികൾ ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 പഞ്ചായത്ത് കെട്ടിടങ്ങളിൽ വാടകരഹിതമായി സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിൽ കെ എസ് ഇ ബി-യുടെ ഓഫീസും ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് XIII/549 നമ്പർ മുറിയിൽ സോയിൽ കൺസർവേഷൻ ഓഫീസും വർഷങ്ങളായി വാടക നൽകാതെ പ്രവർത്തിക്കുന്നതായി കാണുന്നു. കൂടാതെ പഞ്ചായത്ത് വക സാംസ്കാരിക നിലയത്തിൽ പോലീസ് സ്റ്റേഷനും വാടകരഹിതമായി പ്രവർത്തിക്കുന്നു. പഞ്ചായത്തിന് കൈമാറിക്കിട്ടിയതല്ലാത്ത സർക്കാർ സ്ഥാപനങ്ങൾക്ക് വാടകരഹിതമായി കെട്ടിടങ്ങൾ അനുവദിക്കാവുന്നതല്ല. പഞ്ചായത്ത് സ്ഥാപനങ്ങൾക്കോ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കോ മാത്രമേ വാടക ഇളവ് നൽകേണ്ടതുള്ളൂ.

മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ മൂന്ന് മുറികളിലായി കെ എസ് ഇ ബി-യുടെ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന് ബലക്ഷയമുള്ളതായും പൊളിച്ചുമാറ്റേണ്ടത് ആവശ്യമാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ 2020ൽ റിപ്പോർട്ട് ചെയതിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടനിർമ്മാണത്തിനായി എടുത്ത വായ്പ അടച്ചു തീർക്കാത്ത സാഹചര്യത്തിൽ കെട്ടിടം പൊളിക്കുന്നതിന് അനുമതിയ്ക്കായി ഗ്രാമപഞ്ചായത്ത് ഇതുവരെ സർക്കാരിൽ നിന്നും അനുമതി തേടിയിട്ടില്ല. കെഎസ്ഇബി ടി കെട്ടിടത്തിൽ വർഷങ്ങളായി വാടക ഒടുക്കാതെ പ്രവർത്തിച്ച് വരുന്നു. കെട്ടിടം പൊളിച്ചുമാറ്റുന്നത് വരെ കെഎസ് ഇബിയിൽ നിന്നും

കുടിശ്ശിക ഉൾപ്പെടെ വാടക ഈടാക്കേണ്ടിയരുന്നു.

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 19-9-22 ലെ 2/1 നമ്പർ തീരുമാനപ്രകാരം ബസ് സ്റ്റാൻറ് ഷോപ്പിംഗ് കോപ്ളക്സിലെ സോയിൽ കൺസർവേഷൻ ഓഫീസ് വാടകരഹിതമായി പ്രവർത്തിക്കുന്നുവെന്നും വാടക നൽകേണ്ടതിന്റെ വിവരം അറിയിച്ചുകൊണ്ട് ജില്ലാ മണ്ണ് സംരക്ഷണ ആഫീസർക്ക് കത്ത് നൽകുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. എന്നാൽ നാളിതുവരെ വാടക ഈടാക്കാൻ പഞ്ചായത്ത് മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 10-8-22 ലെ 20/1 നമ്പർ തീരുമാനം പ്രകാരം പോലിസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിച്ചിരിക്കുന്നതിനാൽ പഴയ സാംസ്കാരിക നിലയം പഞ്ചായത്തിന്റെ അധീനതയിലേക്ക് തിരികെ കൊണ്ടുവരേണ്ടതുണ്ടെന്നും പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം പണിതീർന്നിരിക്കുന്ന സാഹചര്യത്തിലും കാലപ്പഴക്കത്താൽ ബലക്ഷയം ആയതിനാൽ പൊളിച്ചു പണിയേണ്ട ആവശ്യമുള്ളതിനാലും ടി കെട്ടിടം വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പള്ളിക്കത്തോട് എസ്. എച്ച്. ഒ യ്ക്ക് കത്ത് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. നാളിതുവരെ പോലീസ് സ്റ്റേഷൻ സാംസ്കാരികനിലയത്തിൽ നിന്നും ഒഴിഞ്ഞിട്ടില്ല.

മേൽ സ്ഥാപനങ്ങൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിരുന്നില്ല. കെഎസ്ഇബി, സോയിൽ കൺസർവേഷൻ ഓഫീസ്, പോലീസ് സ്റ്റേഷൻ എന്നിവയിൽ നിന്നും വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-23 മരങ്ങളുടെ ലേലം നടന്നിട്ടില്ല**

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിൽ താഴെപ്പറയുന്ന മരങ്ങളുടെ ലേലം 13.09.2022, 20.06.2023 തീയതികളിൽ നടന്നെങ്കിലും ആരും പങ്കെടുത്തിട്ടുള്ളതായി രേഖകളിൽ കാണുന്നില്ല.

| ക്രമ നം | ഇനം |
|---|---|
| 1 | 3-ാം വാർഡ് ആനിക്കാട് അരുവിക്കുഴി തോട്ടിൽ നിൽക്കുന്ന വട്ട |
| 2 | 3-ാം വാർഡ് ആനിക്കാട് അരുവിക്കുഴി തോട്ടിൽ നിൽക്കുന്ന വട്ട |
| 3 | 3-ാം വാർഡ് തോട്ടിൽ നിൽക്കുന്ന വട്ട |
| 4 | 3-ാം വാർഡ് തോട്ടിൽ നിൽക്കുന്ന വട്ട |
| 5 | 3-ാം വാർഡ് തോടരുകിൽ നിൽക്കുന്ന വട്ട |
| 6 | 3-ാം വാർഡ് തോടരുകിൽ ചേലചുറ്റി നിൽക്കുന്ന വട്ട |
| 7 | 3-ാം വാർഡ് തോടരുകിൽ ചാഞ്ഞു നിൽക്കുന്ന വട്ട |
| 8 | 3-ാം വാർഡ് തോടരുകിൽ ചേലചുറ്റി നിൽക്കുന്ന വട്ട |
| 9 | 3-ാം വാർഡ് തോടരുകിൽ ചാഞ്ഞു നിൽക്കുന്ന വട്ട |
| 10 | 3-ാം വാർഡ് തോടരുകിൽ ചാഞ്ഞു നിൽക്കുന്ന വട്ട |
| 11 | കേടുപിടിച്ച് ഉണങ്ങി തുടങ്ങിയ തോടരുകിൽ നിൽക്കുന്ന തേക്ക് |

ലേലം സംബന്ധിച്ച നിലവിലെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/21.11.2023) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ വാല്യൂവേഷൻ തുക 50141/- രൂപയാണ്. തടികൾ ലേലം ചെയ്യാതെ നശിക്കുന്നത് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്നതാണ്. ലേലത്തിൽ ആരും പങ്കെടുക്കാത്തത് വാല്യൂവേഷൻ തുക കൂടുതൽ ആയതിനാലാണെങ്കിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം

വാല്യുവേഷൻ തുക കുറവു വരുത്തി ലേല നടപടികൾ പൂർത്തീകരിച്ച് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

**1-24 പാരാമെഡിക്കൽ സ്ഥാപനം രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു**

1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്തിരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ 2022-23 വർഷം എ ആർ എഫ് സി മെഡിക്കൽ ലാബ് & ഇ സി ജി ലാബ് എന്ന സ്ഥാപനം ലൈസൻസ് ഉണ്ടെങ്കിലും പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/18.11.2023) ടി സ്ഥാപനത്തിൽ രോഗനിർണ്ണയ പരിശോധന മാത്രമേയുള്ളൂ എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. രോഗനിർണ്ണയ പരിശോധനക്കുള്ള ലാബുകൾ പാരാമെഡിക്കൽ വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ മേൽ സ്ഥാപനത്തിന് പാരാമെഡിക്കൽ രജിസ്ട്രേഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-25 തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് അധിക വിഭവ സമാഹരണം**

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനസ്രോതസ്സുകൾ പൂർണ്ണമായി കണ്ടെത്തുകയും പുതിയവ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ നികുതി/നികുതിയേതര തനത് വരുമാനം വിപുലീകരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ വരവിനങ്ങൾ പരിശോധിച്ചതിൽ ഓഡിറ്റ് നിരീക്ഷണങ്ങളും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകളും താഴെ ചേർക്കുന്നു.

**വസ്തുനികുതി വരവ്**

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ വസ്തുനികുതി സമാഹരണം കാര്യക്ഷമമാക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**ബിൽഡിങ്ങ് പെർമിറ്റ്**

ഫീൽഡ്തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണ പൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യാനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം നിർത്തിവെപ്പിക്കേണ്ടതും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്.

**പ്രോഫഷണൽസിന്റെ തൊഴിൽ നികുതി**

സ്വയംതൊഴിൽ കണ്ടെത്തിയവർ പ്രൊഫഷണലുകൾ മുതലായവരെ ഉൾപ്പെടുത്തി ലിസ്റ്റ്

തയ്യാറാക്കേണ്ടതാണ്. പള്ളിക്കത്തോട് ഗ്രാമ ന്യായാലയത്തിന് സമീപം പ്രവർത്തിക്കുന്ന അഭിഭാഷകരുടെ ലിസ്റ്റ് തയ്യാറാക്കി പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ, ചാർട്ടേർഡ് അക്കൗണ്ടന്റുമാർ തുടങ്ങിയവരെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

**ലൈസൻസ് വരവ്**

ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നതിലുപരി പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ആരോഗ്യത്തിനും അപകടം/അസഹ്യത ഒഴിവാക്കുന്നതിനുത്തരവാദിയായ ഗ്രാമപഞ്ചായത്ത് മേൽ കർത്തവ്യം നിറവേറ്റുന്നതിൽ ഉപേക്ഷ വരുത്തുകയും ചെയ്തു. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച്, പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും IFTEOS ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**വാടക**

പഞ്ചായത്ത് പരിധിയിൽ മുൻവർഷങ്ങളിൽ OFC പോളുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഡാറ്റാ തയ്യാറാക്കി വാർഷിക വാടക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഇളംപള്ളിയിൽ സ്ഥിതി ചെയ്യുന്ന നിലവിൽ അടഞ്ഞുകിടക്കുന്ന ഷോപ്പിങ്ങ് കോംപ്ലെക്സ് വാടകയ്ക്ക് നൽകാൻ പറ്റുന്ന രീതിയിൽ സജ്ജമാക്കുന്നതിന് ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

**1-26 ഇ-ടെൻഡർ ഫീസ് -ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല**

ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന പ്രോജക്റ്റുകളുടെ ടെൻഡർ ഫീസ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വെയ്ക്കുന്നത്. ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാണ്. എന്നാൽ 2016-17 വർഷം മുതലുള്ള വർഷങ്ങളിലെ ടെൻഡർ ഫീസ് നാളിതുവരെ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. 2021-22 വരെ വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള ആകെതുക 89966/-രൂപയാണ്.

2022-23 വർഷം ഇ-ടെൻഡർ ഇല്ലായിരുന്നു. ടെൻഡർ തുക തിരികെ ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് അയച്ചിരുന്നുവെങ്കിലും നാളിതുവരെ തുക ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. തുക ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും എസ്.ബി.ഐ.യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ എസ്ബിഐ പള്ളിക്കത്തോട് ശാഖയിൽ ഒരു അക്കൗണ്ട് ആരംഭിച്ച് മാപ്പ് ചെയ്തിട്ടുണ്ട്. (a/cno37549403774). തൻവർഷത്തെയും മുൻവർഷത്തേതുമുൾപ്പെടെ വളരെയധികം തുക ജില്ലാപഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കാനവശേഷിക്കുന്നു. ഇ-ടെൻഡർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള തുകകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-27 പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച നിക്ഷേപങ്ങളുടെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല**

പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വിവിധ നിക്ഷേപങ്ങളുടെ 2022-23 വർഷത്തെ മുന്നിരിപ്പ് വിശദാംശം Deposit Register-ൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-33(3), 58(3)(എ) എന്നിവ പ്രകാരം പഞ്ചായത്ത് ഫണ്ടിലുള്ള നിക്ഷേപങ്ങൾ കൃത്യമായി രജിസ്റ്റർ സൂക്ഷിച്ച് സെക്രട്ടറി ആധികാരികമാക്കേണ്ടതുമാണ്. നിക്ഷേപിച്ച വ്യക്തി/സ്ഥാപനം, പ്രോജക്ട്/വർഷം, പ്രോജക്ട് പൂർത്തീകരണം തുടങ്ങിയ വിശദാംശങ്ങൾ നിക്ഷേപ മുന്നിരിപ്പിൽ ലഭ്യമാണെങ്കിൽ മാത്രമേ കാലഹരണപ്പെട്ട നിക്ഷേപം മുതൽക്കൂട്ടാൻ സാധിക്കുകയുള്ളൂ. 2022-23 Deposit Register മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാതിരുന്നത് മേൽ ചട്ടങ്ങളുടെ വ്യക്തമായ ലംഘനമാണ്. 31/03/2023 ലെ ബാലൻസ് ഷീറ്റ്

ബി-7 ഷെഡ്യൂൾ പ്രകാരം 789,339/- രൂപ നിക്ഷേപമിനത്തിൽ പഞ്ചായത്ത് ഫണ്ടിന് ബാധ്യതയുണ്ട്. മുന്നിരിപ്പ് വിശദാംശം ഉൾപ്പടെ Deposit Register സൂക്ഷിച്ചെങ്കിൽ നിക്ഷേപങ്ങളിൽ, കാലഹരണപ്പെട്ട വാടക നിക്ഷേപം ഒഴികെയുള്ളവ ഭരണസമിതിയുടെ അനുമതിയോടെ മുതൽക്കൂട്ടി ബാധ്യത ഒഴിവാക്കാമായിരുന്നു.

രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതയും മറ്റ് അപാകതകൾക്കും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.19/2022-23/20-11-2023) നൽകിയതിന് മറുപടി ലഭിച്ചില്ല. സാമ്പത്തിക വർഷത്തെ ഡെപ്പോസിറ്റ് കണക്കുകളുടെ മുന്നിരിപ്പ് വിശദാംശം Deposit Register-ൽ പ്രോജക്ട് പൂർത്തീകരണ തീയതി ഉൾപ്പടെ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

കാലഹരണപ്പെട്ട നിക്ഷേപങ്ങൾ ഭരണസമിതിയുടെ അനുമതിയോടെ 2023-24 വർഷം തന്നെ മുതൽക്കൂട്ടിയ ശേഷം വിവരം രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്. നിക്ഷേപം മുതൽക്കൂട്ടിയ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ പകർപ്പ്, നിക്ഷേപ രജിസ്റ്ററിലെ രേഖപ്പെടുത്തൽ, നിക്ഷേപം മുതൽക്കൂട്ടിയ ഇടപാടുകളുടെ ജേർണൽ വൗച്ചർ നം./തീയതി എന്നിവ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

## 1-28 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗത്തിൽ അപാകത

പഞ്ചായത്ത് ഫണ്ടിലുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം എ.സി.ആർ. സൂക്ഷിച്ച് രേഖപ്പെടുത്തി ആധികാരികമാക്കുന്നില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3)(ബി) പ്രകാരം പഞ്ചായത്ത് ഫണ്ടിലുള്ള ഗ്രാന്റുകളുടെ വിനിമയം കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതും എ.സി.ആർ. സൂക്ഷിച്ച് സെക്രട്ടറി ആധികാരികമാക്കേണ്ടതുമാണ്. 2022-23 വർഷം പഞ്ചായത്ത് ഫണ്ടിലുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് ക്രമീകരണം ചെലവ് പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ധനകാര്യ പത്രികയിൽ ഹെൽത്ത് ഗ്രാന്റുകളുടെ(NHM, NRHM) ചെലവുകൾ ചെലവ് പത്രികയിലെ ഹെൽത്ത് ഗ്രാന്റ് പ്രോജക്ട് ചെലവുമായി പൊരുത്തപ്പെടുന്നില്ല.

2.320100160-Rural Housing-Housing For All ശീർഷകത്തിലെ മുന്നിരിപ്പുണ്ടായിരുന്ന 3 ലക്ഷം രൂപ അക്കൗണ്ടിങ്ങ് ക്രമീകരണത്തിലൂടെ ബാധ്യത ഒഴിവാക്കി. എന്നാൽ ടി ഫണ്ടിന് വാർഷിക പദ്ധതിയിൽ ചെലവ് പത്രിക പ്രകാരം ചെലവില്ല. പ്രോജക്ടിൽ ചെലവഴിക്കാതെ ഫണ്ട് ബാധ്യത ഒഴിവാക്കിയത് ആധികാരികമല്ല.

3.ICDS സെൻട്രൽ ഫണ്ട് വാർഷിക പദ്ധതി പ്രോജക്ട് നം.20/23 പ്രകാരം ചെലവ് 460,925/- രൂപയാണ്. എന്നാൽ ധനകാര്യ പത്രിക പ്രകാരം ICDS സെൻട്രൽ ഫണ്ടിന്റെ 1.214,672/- രൂപ ബാധ്യത അക്കൗണ്ടിങ്ങ് ക്രമീകരണത്തിലൂടെ ബാധ്യത ഒഴിവാക്കി. 753,747/- രൂപ ബാധ്യത ക്രമീകരിച്ച് ഒഴിവാക്കിയത് ആധികാരികമല്ല.

4.ശുചിത്വ മിഷൻ ഫണ്ട് 1,889,828/- രൂപ മുന്നിരിപ്പുണ്ടായിന്നത് മുഴുവനും ക്രമീകരിച്ച് ബാധ്യത ഒഴിവാക്കി. എന്നാൽ ശുചിത്വ മിഷൻ ഫണ്ട് വാർഷിക പദ്ധതി പ്രകാരം ചെലവില്ല. പ്രോജക്ടിതരമായി ചെലവഴിക്കുന്നതിന് എ.സി.ആർ. സൂക്ഷിക്കാതിരുന്നതിനാൽ വ്യക്തതയില്ല. ചെലവഴിക്കാത്ത ഗ്രാന്റ് ബാധ്യത അക്കൗണ്ടിങ്ങ് ക്രമീകരണത്തിലൂടെ ഒഴിവാക്കിയത് ആധികാരികമല്ല.

5.ലൈഫ് മിഷൻ സംസ്ഥാന വിഹിതം ചെലവ് വാർഷിക പദ്ധതി പ്രകാരം 5 ലക്ഷം രൂപയാണ്. എന്നാൽ ധനകാര്യ പത്രിക പ്രകാരം 3,397,587/- രൂപയുടെ ഫണ്ട് ബാധ്യത അക്കൗണ്ടിങ്ങ് ക്രമീകരണത്തിലൂടെ ഒഴിവാക്കി. 2,897,587/- രൂപയുടെ ലൈഫ് മിഷൻ സംസ്ഥാന വിഹിതം ബാധ്യത ഒഴിവാക്കിയത് ആധികാരികമല്ല.

6.ഗുണഭോക്തൃ വിഹിതം 45,000/- രൂപയാണ് വാർഷിക പദ്ധതി പ്രകാരം ചെലവ്. എന്നാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ 93,000/- രൂപ ക്രമീകരിച്ച് ബാധ്യത ഒഴിവാക്കി. 48,000/- രൂപ ക്രമീകരിച്ചതിന് ആധികാരികതയില്ല.

7. ജില്ല-ബ്ലോക്ക് വിഹിതങ്ങൾ മുൻവർഷങ്ങളിൽ ലഭിച്ചതിൽ 3,503,689/- രൂപ 31/03/2023 ലെ

ബാലൻസ് ഷീറ്റിൽ ബാധ്യതയായി അവശേഷിക്കുന്നു. ടി ഫണ്ട് ബാധ്യതയ്ക്ക് തുല്യമായ തുക പഞ്ചായത്തിന്റെ ബാങ്ക്/ട്രഷറി നീക്കിയിരിപ്പുണ്ടോ എന്നതിൽ വ്യക്തതയില്ല.

പഞ്ചായത്തിന്റെ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയത്തിൽ മേൽവിവരിച്ച പ്രകാരമുള്ള അപാകത നിലനിൽക്കുന്നതും വിനിമയം കൃത്യമായി ആധികാരികമാക്കാതിരിക്കുന്നതും മേൽ ചട്ടങ്ങളുടെ വ്യക്തമായ ലംഘനമാണ്. അപാകതകൾക്കും എ.സി.ആർ. സൂക്ഷിച്ച് ഇടപാടുകൾ ആധികാരികമാക്കാതിരുന്നതിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.17/2022-23/20-11-2023) നൽകിയതിന് മറുപടി ലഭ്യമായില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ 2022-23 വർഷത്തെ എ.സി.ആർ. 01-04-2022 ലെ മുന്നിരിപ്പ് വിശദാംശം ഉൾപ്പടെ തയ്യാറാക്കി മറുപടിയിൽ ഹാജരാക്കേണ്ടതാണ്. മേൽവിവരിച്ച പ്രകരമുള്ള ഗ്രാന്റുകളുടെ വാർഷിക പദ്ധതി ചെലവ് അല്ലാതെയുള്ള ക്രമീകരണം എപ്രകാരമാണ് നടത്തിയത് എന്ന് എ.സി.ആറിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ആയത് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

## 1-29 മുൻകൂറുകളുടെ വിശദാംശം സൂക്ഷിച്ചിട്ടില്ല-കണക്കുകളിൽ അവ്യക്തതയും അപാകതകളും

പഞ്ചായത്ത് ഫണ്ടിൽ നിന്ന് നൽകുന്ന മുൻകൂറുകളുടെ വിശദാംശം സെക്രട്ടറി മുൻകൂർ രജിസ്റ്ററിലൂടെ നിരീക്ഷിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും വർഷാവസാനം മുന്നിരിപ്പ് ഉൾപ്പടെ കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതുമായിരുന്നു (2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3)(എ) പ്രകാരം). എന്നാൽ ലഭ്യമാക്കിയ 2022-23 വർഷത്തെ Advance Register-ൽ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്യുകയോ ഇടപാടുകൾ കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം 4,508,748/- രൂപയാണ് മുൻകൂർ നൽകിയ ഇനത്തിൽ ക്രമീകരിക്കാനുള്ളത്. ഇതിൽ തൻവർഷം വാർഷിക പദ്ധതിയിൽ കെ.എസ്.ഇ.ബി. ഭൂജല വകുപ്പ് എന്നീ ഏജൻസികൾക്ക് നൽകിയ മുൻകൂറുകൾ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. പ്രോജക്ട് നം.9/23 പ്രകാരം കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ച 119,923/- രൂപയും പ്രോജക്ട് നം.8/23, 179/23 പ്രകാരം ഭൂജല വകുപ്പിൽ നിക്ഷേപിച്ച 122,675/- രൂപയുമാണ് 31/03/2023 ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടാഞ്ഞത്. കൃത്യമായ Advance Register ന്റെ അഭാവത്തിൽ മുൻവർഷങ്ങളിലുൾപ്പടെ നൽകിയ മുൻകൂറുകൾ നിക്ഷേപ ശീർഷകങ്ങളിൽ ഉൾപ്പെട്ടോ എന്നതിലും അവ്യക്തത നിലനിൽക്കുന്നു. മുൻകൂറുകളുമായി ബന്ധപ്പെട്ട അപാകതകൾക്ക് രേഖാമൂലം വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.19/2022-23/20-11-2023) നൽകിയതിന് മറുപടി ലഭ്യമായില്ല.

2022-23 വർഷത്തെ മുൻകൂർ രജിസ്റ്റർ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത് കൃത്യമായി തയ്യാറാക്കേണ്ടതാണ്. നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാതിരുന്ന തൻവർഷ പ്രോജക്ട് ചെലവുകൾ കൃത്യമായ നിക്ഷേപ ശീർഷകങ്ങളിൽ ക്രമീകരിക്കേണ്ടതാണ്. 2022-23 Advance Register പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തിയതിന്റെയും നിക്ഷേപ ശീർഷകങ്ങളിൽ അക്കൗണ്ടിങ്ങ് അപാകത പരിഹരിച്ച ശേഷ രജിസ്റ്ററിന്റെ പകർപ്പ് ഉൾപ്പടെ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-30 പഞ്ചായത്ത് ഓഫീസിലേയ്ക്ക് UPS ബാറ്ററി വാങ്ങൽ - പഴയ ഉപകരണങ്ങളുടെ ലേലത്തിന് നടപടി സ്വീകരിക്കേണ്ടതാണ്

| പ്രോജക്ട് നം, പ്രോജക്ട് | അടങ്കൽ തുക | ചെലവ് തുക | നിർവ്വഹണം |
|---|---|---|---|
| 175/23, പഞ്ചായത്ത് ഓഫീസിലേയ്ക്ക് UPS ബാറ്ററി വാങ്ങൽ | 235000(വികസന ഫണ്ട് പൊതുവിഭാഗം) | 230173 (വികസന ഫണ്ട് ( പൊതു വിഭാഗം) | സെക്രട്ടറി |

| | | | |
|---|---|---|---|
| | | Bill No – 25/ 09.12.22 | |

പഴയ UPS, ബാറ്ററി കേടായതിനാൽ GEM വഴി RJ എന്റർപ്രൈസസിൽ നിന്നും Hykon UPS – ഒരെണ്ണം, Hykon Tubular Battery –10 എണ്ണം എന്നിവ വാങ്ങിയിരുന്നു. അടിയന്തിര സാഹചര്യമായതിനാൽ ബൈ - ബാക്ക് സംവിധാനം സ്വീകരിക്കാതെ പുതിയവ വാങ്ങുകയാണ് ചെയ്തു. പഴയ ബാറ്ററി, UPS എന്നിവ നിലവിൽ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. ലേല നടപടി സംബന്ധിച്ച 8/17.11.23 ഓഡിറ്റ് എൻക്വയറിയ്ക്ക് ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. ലേല നടപടി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഇപ്രകാരമുള്ള പർച്ചേസുകളിൽ ബൈ - ബാക്ക് സംവിധാനം ഉപയോഗപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-31 വിവിധ തനത് ഫണ്ട് ചെലവുകൾ - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ തനത് ഫണ്ട് വൗച്ചറുകളും അനുബന്ധരേഖകളും രജിസ്റ്ററുകളും വളരെ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. കണ്ടെത്തിയ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി ( 26/21-11-23) യ്ക്ക് അപാകതകൾ ഭൂരിഭാഗവും പരിഹരിച്ചുകൊണ്ട് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന പരാമർശങ്ങളിൽ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

| വൗച്ചർ നം / തീയതി | ചെലവ് വിവരം | തുക | റിമാർക്സ് |
|---|---|---|---|
| 22200068/ 13-04-22 | 6-ാം വാർഡ് മറ്റപ്പള്ളി അങ്കണവാടി ഇരിക്കുന്ന സ്ഥലത്തിന്റെ ആധാരം എഴുതിയതിനുള്ള ചെലവ് | 1340 | പോക്കുവരവ് നടത്തി പഞ്ചായത്തിന്റെ പേരിൽ കൂട്ടിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് |
| 22200085/30-04-22 | പൊതുടാപ്പുകളുടെ വെള്ളക്കരം. (65 വാട്ടർ ടാപ്പുകൾ ) | 31352 | സംയുക്ത പരിശോധന നടത്തി ഉപയോഗ യോഗ്യമായ വാട്ടർ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താൻ പഞ്ചായത്തിൽ നിന്നും രണ്ട് പ്രാവശ്യം കത്ത് നൽകിയെങ്കിലും വാട്ടർ അതൊറിറ്റി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്താൻ / ഉപയോഗ ശൂന്യമായ വാട്ടർ ടാപ്പുകൾ ഒഴിവാക്കാൻ ഭരണതലത്തിൽ |

| | | | |
|---|---|---|---|
| | | | തുടർനടപടി സ്വീകരിക്കേണ്ടതാണ്. |
| 22200379/12-08-22 | വാർഡ് 13 ലെ കാക്കത്തോട് ഭാഗത്ത് തോട് പുറമ്പോക്ക് ആഞ്ഞിലി മരം മുറിച്ചു മാറ്റൽ | 3000 | ആഞ്ഞിലി മരം ലേലം ചെയ്യുന്നതിന് അനുമതിയ്ക്കായി ജില്ലാ ഫോറസ്റ്റ് ഓഫീസറിൽ നിന്ന് അനുമതി ലഭിച്ചതിന്റേയും ലേലനടപടികളുടേയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. |
| 22200546/10-10-22 | മുഴയനാൽ കമ്മ്യൂണിറ്റി ഹാൾ കൊമ്പൗണ്ടിലെ മാവ് മുറിച്ചത് | 4000 | ലേലനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 22201041/31-03-23 | പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് റൂഫിംഗ് തകർന്നത് റിപ്പയർ ചെയ്തത് | 12260 | എസ്റ്റിമേറ്റ് , വാല്യൂവേഷൻ വൗച്ചറിനൊപ്പം ചേർത്തിട്ടില്ല. പെറ്റി വർക്കുകളിൽ അസി.എഞ്ചിനീയറുടെ എസ്റ്റിമേറ്റ് , വാല്യൂവേഷൻ ഫയലിനൊപ്പം ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ് |

## 1-32 NREGA കരാർ ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ട് രേഖപ്പടുത്തി സൂക്ഷിക്കേണ്ടതാണ്

പഞ്ചായത്തിലെ നാല് NREGA കരാർ ജീവനക്കാർ 2021-22 , 2022-23 എന്നീ വർഷങ്ങളിൽ 30 ആർജ്ജിതാവധികൾ വീതം സറണ്ടർ ചെയ്തിട്ടുണ്ട്. ആയതിൽ എഞ്ചിനീയർ ശ്രീ. പി എ ഷാജി, ഡേറ്റാ എൻട്രി ഓപ്പറേറ്റർ മീരാ വർഗ്ഗീസ് എന്നിവരുടെ ആർജ്ജിതാവധി സേവനപുസ്തകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഓവർസിയർ ദീപേഷ് പി.ഡി, ഡേറ്റാ എൻട്രി ഓപ്പറേറ്റർ രമ്യാ രാജു എന്നിവരുടെ ആർജ്ജിതാവധി സേവന പുസ്തകത്തിൽ അക്കൗണ്ട് ചെയ്യുന്നില്ല. NREGA കരാർ ജീവനക്കാരുൾപ്പെടെ ലീവ് സറണ്ടറിന് അർഹതയുള്ള എല്ലാ കരാർ ജീവനക്കാരുടേയും ആർജ്ജിതാവധി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടുകളിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം / പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

| പ്രോജക്ട് നം , | തുക | ബിൽ നം / | തുക | കൈമാറിയ |
|---|---|---|---|---|

| | | | |
|---|---|---|---|
| പ്രോജക്ട് | | തീയതി | സ്ഥാപനം |
| 162/23 , PMAY വിഹിതം കൈമാറൽ (പൊതു വിഭാഗം) | 140000 വികസനഫണ്ട് ( പൊതു വിഭാഗം) | 8/19.08.22 | പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് |
| 163/23 , PMAY വിഹിതം കൈമാറൽ (എസ് സി പി) | 140000 വികസനഫണ്ട് ( എസ് സി പി) | 9/19.08.22 | പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് |
| 164/23 , PMAY വിഹിതം കൈമാറൽ (റ്റി എസ് പി) | 70000 വികസനഫണ്ട് (റ്റി എസ് പി) | 20/10.11.22 | പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് |
| 67/23 , SSK വിഹിതം | 100000 വികസനഫണ്ട് ( പൊതു വിഭാഗം) | 12/23.08.22 | ബ്ലോക്ക് പ്രോജക്ട് കൊർഡിനേറ്റർ , SSK |
| 66/23 , IKM വിഹിതം | 44622 വികസനഫണ്ട് ( പൊതു വിഭാഗം) | 11/23.08.22 | ഇൻഫോർമേഷൻ കേരളാ മിഷൻ , തിരുവനന്തപുരം |
| 09/23 , കന്നുകുഴി കുടിവെള്ള പദ്ധതി- 3 ഫേസ് ലൈൻ വലിക്കൽ , വാർഡ് -13 | 119923 സി എഫ് സി ((Tied) | 193/18-03-23 | അസി.എഞ്ചിനീയർ , കെ എസ് ഇ ബി പള്ളിക്കത്തോട്. വിശദമായ എസ്റ്റിമേറ്റ് , കരാർ എന്നിവ ഫയലിൽ ചേർത്തിട്ടില്ല. |
| 179/23 , മൈലപ്പള്ളി ചപ്പാത്ത് കുഴൽകിണറിന് ഹാൻഡ് പൈപ്പ് സ്ഥാപിക്കൽ | 72675 സി എഫ് സി ((Tied) | 262/31-03-23 | ജില്ലാ ഓഫീസർ , ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്. വിശദമായ എസ്റ്റിമേറ്റ് ഫയലിൽ ചേർത്തിട്ടില്ല. |
| 08/23 , അരുവിക്കുഴി ഭാഗത്ത് കുഴൽക്കിണർ നിർമ്മാണം | 50000 സി എഫ് സി ((Tied) | 263/31-03-23 | ജില്ലാ ഓഫീസർ , ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |

| | | | |
|---|---|---|---|
| (വാർഡ് 1) | | | |
| 197/23 കുറുങ്കടി അങ്കണവാടി നിർമ്മാണം - NREGA യ്ക്ക് തനത് ഫണ്ട് വിഹിതം കൈമാറൽ | 100000 (തനത് ഫണ്ട്) | ചെക്ക് നം. 15538/31.03.23 | NREGA സ്റ്റേറ്റ് മിഷൻ |
| ആകെ | 837220 | | |

പൂർത്തീകരണ/വിനിയോഗ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി (09/17.11.23) യ്ക്കുള്ള മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ വിവരം ലഭ്യമാകുന്നതു വരെ മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച 837220/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-34 കല്ലാടംപൊയ്ക കുടിവെള്ളപദ്ധതി- ജിഎസ് ടി അധികം തുക നൽകി- പദ്ധതി പൂർത്തീകരിച്ചില്ല**

| | |
|---|---|
| പ്രൊ.നം | 148/23 |
| അടങ്കൽ | 5,50,000/-(CFC) |
| ചെലവ് | 4,73,472/-(Billno33/28-3-23) |
| കരാറുകാരൻ | രവീന്ദ്രൻനായർ, പന്തലാനിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

സർക്കുലർ നമ്പർ 79/2022 ഫിൻ തീ 15-9-2022 പ്രകാരം 18-7-2022 മുതൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ജി എസ് റ്റി 18% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ 2021-22 ൽ ആരംഭിച്ചതും ജി എസ് റ്റി വിഹിതമായി 12% എസ്റ്റിമേറ്റിൽ വകയിരുത്തിയതും 18-7-2022 ന് മുൻപ് പൂർത്തീകരണ കാലാവധി കഴിഞ്ഞതുമായ പ്രവൃത്തികൾ കരാറുകാരന്റേതായ കാരണങ്ങളാൽ 18-7-2022 ന്ശേഷം പൂർത്തിയാക്കുകയും ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 18% ജി എസ് റ്റി അധികമായി വകയിരുത്തി നല്കുകയും ചെയ്തു. കരാറുകാരൻയഥാസമയം പ്രവൃത്തി പൂർത്തീകരിച്ചിരുന്നു എങ്കിൽ പഞ്ചായത്തിന് 12% നികുതി ബാധ്യത മാത്രമേ ഉണ്ടാകുകയുള്ളൂ എന്നതിനാൽ അധികമായി വന്ന 6% നികുതി ബാധ്യത കരാറുകാരൻ സ്വന്തം നിലയിൽ കണ്ടെത്തേണ്ടതായിരുന്നു (എസ്റ്റിമേറ്റിലും 12% നികുതി മാത്രമേ വകയിരുത്തിയിട്ടുള്ളൂ). മേൽ അപാകതമൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാർ തീയതി | 50/AE/LSGD /PLKD/14-3-22 |
| പൂർത്തീകരിക്കേണ്ട തീയതി | 14-6-22 |
| പൂർത്തീകരിച്ച തീയതി | 20-3-23 |
| ഫൈനൽ ബിൽപ്രകാരം വേലമൂല്യം | 4,01,248/- |
| നൽകാവുന്ന ജിഎസ്ടി കോമ്പൻസേഷൻ | @12% =48149.76 |
| നൽകിയ ജിഎസ്ടി കോമ്പൻസേഷൻ | @18% =72224.64 |
| അധികം നൽകിയ തുക | 24074/- |

16-3-23 ലെ 3/3 നമ്പർ ജനറൽ കമ്മറ്റി തീരുമാനപ്രകാരം സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ 12% ജിഎസ് ടി ആണ് ഉൾപ്പെടുത്തിയിരുന്നത് എന്നും നിലവിൽ 18% ജി എസ് ടി

ആയതിനാൽ ആയത് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് ഭേദഗതി ചെയ്യാൻ തീരുമാനമെടുത്തിരുന്നു. ഇത് ക്രമപ്രകാരമല്ല. പ്രവൃത്തി നിശ്ചിത കാലയളവിനുള്ളിൽ പൂർത്തീകരിക്കാത്ത കരാറുകാരന് അധികം തുക അനുവദിച്ച നൽകിയ നടപടി വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/21-11-23) മറുപടിയായി തുക ഈടാക്കുന്നതിന് കരാറുകാരന് കത്ത് നൽകുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 24074/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.



കൂടാതെ, മേൽ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട സ്ഥലം 21-11-23ന് നേരിൽ പരിശോധിച്ചിരുന്നു. കുടിവെള്ള പദ്ധതിയ്ക്കായി കിണർ നിർമ്മാണം മാത്രം പൂർത്തിയാക്കിയിട്ടുണ്ട്. പമ്പിങ്ങ് മെയിൻ, മോട്ടോർ, വാട്ടർ ടാങ്ക്, വിതരണലൈനുകൾ എന്നിവ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. 2023-24 വാർഷികപദ്ധതിയിൽ തുടർ പ്രവൃത്തികൾക്കായി പ്രൊജക്റ്റ് തയ്യാറാക്കിയിട്ടില്ലായെന്ന് അസി.എഞ്ചിനീയർ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം3/16-11-23) മറുപടിയായി അറിയിച്ചിട്ടുണ്ട്. തുടർ പ്രൊജക്റ്റുകൾ ആവിഷ്കരിക്കാത്തതിനാലും പ്രോജക്റ്റ് പൂർത്തീകരിക്കാത്തതിനാലും തൻവർഷം ഈയിനത്തിൽ ചെലവഴിച്ച 4,73,472/- രൂപയിൽ നിരാകരിച്ച 24074/-രൂപ കിഴിച്ചുള്ള 449398/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 വിവിധ കുടിവെള്ളപദ്ധതികൾ- ഭാഗികമായി മാത്രം പ്രവൃത്തികൾ നടപ്പാക്കി

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ വിവിധ കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിന് ആവശ്യമായ പ്രവൃത്തികൾ നടപ്പാക്കിയിരുന്നില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. അമ്മിണിശ്ശേരി കുടിവെള്ള പദ്ധതി പൂർത്തീകരണം**

| | |
|---|---|
| പ്രൊ നം | 10/23 |
| അടങ്കൽ | 2,79,850/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 2,77,567/-( Bill No 173/15-3-23) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| കരാറുകാരൻ | രവീന്ദ്രൻ നായർ, പന്തലാനിക്കൽ |

പ്രസ്തുത പ്രൊജക്റ്റ് പ്രകാരം പമ്പ് ഹൗസ്, പമ്പിങ്ങ് മെയിൻ, വിതരണപൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നിവ നടപ്പാക്കിയിട്ടുണ്ട്. മോട്ടോർ സ്ഥാപിച്ചിട്ടില്ല. കുടിവെള്ള പദ്ധതി പൂർത്തീകരിക്കാത്തതിനാൽ തൻവർഷം ചെലവഴിച്ച 2,77,567 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**2. ചിറക്കാട്ടുകുന്ന് നരിപ്പാറകുടിവെള്ളപദ്ധതി**

| | |
|---|---|
| പ്രൊ നം | 12/23 |
| അടങ്കൽ | 3,59,781/- |

| | |
|---|---|
| ചെലവ് | 3,56,647/-( Bill No 241/29-3-23) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| കരാറുകാരൻ | രവീന്ദ്രൻ നായർ, പന്തലാനിക്കൽ |

നിലവിൽ കുടിവെള്ളപദ്ധതിയ്ക്ക് ബോർവെൽ മാത്രമാണ് ഉള്ളത്. പ്രസ്തുത പ്രൊജക്റ്റ് പ്രകാരം വാട്ടർ ടാങ്ക്, പമ്പിങ്ങ് മെയിൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. മോട്ടോർ, വിതരണലൈനുകൾ എന്നിവ സ്ഥാപിച്ചിട്ടില്ല. കുടിവെള്ള പദ്ധതി പൂർത്തീകരിക്കാത്തതിനാൽ തൻവർഷം ചെലവഴിച്ച 3,56,647/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽകുടിവെള്ളപദ്ധതികൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.


## 1-36 പ്രവർത്തനം ആരംഭിക്കാത്ത ബഡ്സ് സെന്ററിലേക്ക് ഫർണിച്ചർ വാങ്ങിയത് നിഷ്ക്രിയമായ അവസ്ഥയിൽ

| | |
|---|---|
| പ്രോജക്ട് | ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് ഫർണിച്ചർ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തൽ(48/23) |
| അടങ്കൽ/ഫണ്ടിനം | 225,480/- കുടുംബശ്രീ ബഡ്സ് ഫണ്ട് |
| ചെലവ് വിശദാംശം | 199,770/-<br>വൗച്ചർ നം.22201022/31-03-2023 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

പഞ്ചായത്ത് ഭരണസമിതിയുടെ 10/02/2023 ലെ 17 നം. തീരുമാന പ്രകാരം തടിയിലുള്ള മേശകൾ, കസേരകൾ, ചാരുബഞ്ച് തുടങ്ങിയ ഉപകരണങ്ങൾ Meenachil Rubberwood Limited-പൂഞ്ഞാർ എന്ന ഏജൻസിയിൽ നിന്ന് നേരിട്ട് വാങ്ങി. 23/03/2023 ലെ 238-ാം നം. ബിൽ പ്രകാരം ഏജൻസി ലഭ്യമാക്കിയ ഫർണിച്ചറുകൾ പഞ്ചായത്ത് പ്ലാൻ സ്റ്റോക്കിൽ ചേർത്ത ശേഷം ഏഴാം വാർഡിൽ ഇളംപള്ളിയിൽ സ്ഥിതി ചെയ്യുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ എന്ന കെട്ടിടത്തിൽ നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്നു. ബഡ്സ് സെന്ററിനായി നിശ്ചയിച്ച കെട്ടിടം വളരെ ശോചനീയമായ അവസ്ഥയിലാണ് എന്നും സ്ഥിതിചെയ്യുന്ന സ്ഥലം മുഴുവൻ കാടുപിടിച്ച സ്ഥിതിയാണ് എന്നും ഓഡിറ്റ് 17/11/2023-ൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യമായി. പൂട്ടിയിട്ടിരിക്കുന്ന കെട്ടിടവും പരിസരവും ശുചീകരണം നടത്താതിരിക്കുന്നതിനാൽ വൃത്തിഹീനമായ അവസ്ഥയിലാണ്. ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന് ഭരണസമിതി 29/06/2022 ലെ 4/4 നം. തീരുമാനം എടുത്തെങ്കിലും ആയതിന് യാതൊരു നടപടികളും നാളിതുവരെ ആയിട്ടും തുടങ്ങിയില്ല.




ബഡ്സ് സെന്റർ ആരംഭിക്കുന്നതിന് 29/07/2009-ലെ സ.ഉ.(എം.എസ്.) നം.148/09/തസ്വഭവ





ഉത്തരവ്, 07/02/2018 ലെ സ.ഉ.(എം.എസ്.) നം.20/2018/തസ്വഭവ പൊതു മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശ പ്രകാരമുള്ള കെട്ടിട സൗകര്യം, ജീവനക്കാർ, മറ്റ് അനുബന്ധ സംവിധാനങ്ങൾ എന്നിവ ആവശ്യമാണ്. ബഡ്സ് സെന്ററിന്റെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് പഞ്ചായത്തിൽ പ്രത്യേക കമ്മിറ്റിയും ആവശ്യമാണ്. അടിസ്ഥാന സൗകര്യവും ജീവനക്കാരെയും സജ്ജമാക്കി ബഡ്സ് സെന്റർ പ്രവർത്തനം ആരംഭിക്കാതെ ഫർണിച്ചർ വാങ്ങി നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്നത് പഞ്ചായത്തിന്റെ ആസ്തി പരിപാലനത്തിലെ ന്യൂനതയാണ് വ്യക്തമാക്കുന്നത്. കൂടാതെ ബഡ്സ് സെന്ററിനായി നിർമ്മിച്ച കെട്ടിടം നിലവിൽ മെയിന്റനൻസും തുടർസംരക്ഷണവും ഇല്ലാത്ത അവസ്ഥയിലുമാണ്.

ബഡ്സ് സെന്റർ കെട്ടിടം നിഷ്ക്രിയ ആസ്തിയായി തുടരുന്നതിനും ആസ്തി പരിപാലനത്തിലെ വീഴ്ചകൾക്കും സെക്രട്ടറി രേഖാമൂലം വിശദീകരണം നൽകേണ്ടതാണ്. പ്രവർത്തനം ആരംഭിക്കാത്ത ബഡ്സ് സെന്ററിലേക്ക് 2022-23 വർഷം വാങ്ങിയ ഫർണിച്ചർ നിഷ്ക്രിയമായ അവസ്ഥയിൽ തുടരുന്ന അപാകതയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.10/2022-23/18-11-2023) നൽകിയതിന് മറുപടി ലഭിച്ചില്ല. 22/11/2023-ൽ നടന്ന ഓഡിറ്റ് എക്സിറ്റ് മീറ്റിങ്ങിൽ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ് എന്നാണ് ഭരണസമിതി അറിയിച്ചത്.

ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഹരിച്ച് ആയത് പ്രവർത്തനക്ഷമമായി ജീവനക്കാരുടെ നിയമനം, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തി ബഡ്സ് സെന്റർ പ്രവർത്തനമാരംഭിക്കേണ്ടതാണ്. ഈ വിഷയത്തിലുള്ള നടപടികളുടെ വിവരം സെക്രട്ടറി മറുപടിയിൽ അറിയിക്കേണ്ടതാണ്.

ബഡ്സ് സെന്റർ പ്രവർത്തനമാരംഭിച്ച് അതിലേക്കായി വാങ്ങിയ ഫർണ്ണിച്ചർ ഗുണഭോക്താക്കളായ ഭിന്നശേഷിക്കാർക്ക് ഉപയോഗപ്രദമാകുന്നതുവരെ പ്രോജക്ട് പ്രകാരം ചെലവഴിച്ച 199,770/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ്-വകുപ്പുതല ആനുകൂല്യം ലഭിച്ചിരുന്നോ എന്ന് ഉറപ്പാക്കിയില്ല

| | | |
|---|---|---|
| പ്രോജക്ടിന്റ പേര്/ നമ്പർ | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്(49/23) | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ രണ്ടാം ഘട്ടം (50/23) |
| അടങ്കൽ | 1.5 ലക്ഷം വികസന ഫണ്ട്(SCSP) | 60,000/- വികസന ഫണ്ട്(SCSP) |
| ചെലവ് വിശദാംശം | 147,600/- Bill No.61/19-08-2022 | 34,600/- Bill No.71/27-09-2022 |
| GEM മുഖേന സപ്ലൈ ഏജൻസി | IDEAL Systems, Trivandrum IDE/B2C11/22-23 /16-08-2022 | ADCOM Systems, Trivandrum Invoice No.81/17-09-2022 |
| Laptop എണ്ണം | 4എണ്ണം, ACER With Ubundu OS | 1 എണ്ണം, LENOVO-V15-i3 |

അസിസ്റ്റന്റ് സെക്രട്ടറി 2022-23 വർഷം നിർവ്വഹിച്ച സ്പിൽ ഓവർ പ്രോജക്ടുകളിൽ 5 ലാപ്ടോപ്പുകൾ

എസ്.സി. വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ഗുണഭോക്താക്കൾക്ക് എസ്.സി. വകുപ്പിൽ നിന്നും പഠനാവശ്യത്തിന് ലാപ്ടോപ്പ് ലഭിച്ചിരുന്നോ എന്ന് ഉറപ്പാക്കിയതായി കാണുന്നില്ല. ടി വിവരം വ്യക്തമാക്കുന്ന പട്ടികജാതി വികസന ഓഫീസറുടെ സർട്ടിഫിക്കറ്റ് പ്രോജക്ട് ഫയലിൽ ഹാജരാക്കിയിട്ടില്ല. ഫയൽ പ്രകാരം ലാപ്ടോപ്പ് കൈപ്പറ്റിയ വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | വാർഡ് | കോഴ്സ് |
|---|---|---|---|
| 1. | രമേശ് സുധാകരൻ | VII | B.Tech(Automobile) |
| 2. | ആകാശ് കെ. എ. | VI | B.Voc(Printing Technology) |
| 3. | ശരണ്യ വി. എസ്. | X | B.A.(Economics) |
| 4. | അർച്ചന അനിൽ | VI | M.Sc(Botany) |
| 5. | ഇന്നോവ പ്രദീപ് | III | B.Sc Nursing |

28/05/2022 ലെ സ.ഉ.(എം.എസ്.) നം.115/2022/LSGD സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7-2-7 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാത്തിലുള്ള ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് അനുവദിക്കുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്ന് ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതായിരുന്നു. പഞ്ചായത്ത് പ്രോജക്ടിലൂടെ ആനുകൂല്യം നൽകുമ്പോൾ അതേ ആനുകൂല്യം വകുപ്പ്തലത്തിൽ ലഭിച്ചോ എന്ന് പാമ്പാടി പട്ടികജാതി വികസന ഓഫീസറുടെ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഉറപ്പാക്കാതെ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.7/2022-23/17-11-2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

ലാപ്ടോപ്പ് ആനുകൂല്യം ലഭ്യമായ 5 വിദ്യാർത്ഥികൾക്കും കോഴ്സ് കാലയളവിൽ പട്ടികജാതി വകുപ്പിൽ നിന്നും ലാപ്ടോപ്പ് നൽകിയിട്ടില്ല എന്ന് തെളിയിക്കുന്ന പാമ്പാടി പട്ടികജാതി വികസന ഓഫീസറുടെ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഹാജരാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതുവരെ പ്രോജക്ടുകൾക്ക് ചെലവഴിച്ച 182,200/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-38 ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല**

പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി തുക കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| പേര് | കൈപ്പറ്റിയ തുക | നിലവിലെ അവസ്ഥ |
|---|---|---|
| ലളിത കുമാരി W/o ശിവൻ തോട്ടുങ്കൽ | 200000 | ബേസ്മെന്റ് |
| അൽഫോൻസ ജോസഫ് W/o മനീഷ് മൈലക്കൽ | 200000 | ലിന്റൽ പൂർത്തിയാക്കിയിട്ടില്ല |
| ഷീജ എം കെ മുല്ലപ്പറമ്പിൽ | 300000 | മേൽക്കൂര |
| അമ്പിളി വി ഡി വേങ്ങച്ചേരിൽ | 350000 | മേൽക്കൂര പണിതു. ടോയ് ലറ്റ് പണിയുന്നു. |
| ചെല്ലമ്മ പാതിപ്പറമ്പിൽ | 40000 | തുടങ്ങിയിട്ടില്ല |
| ദേവകി രാമചന്ദ്രൻ | 40000 | തുടങ്ങിയിട്ടില്ല |

| | | |
|---|---|---|
| കൊടിമറ്റം | | |
| രതീഷ് പി ആർ പുതുപ്പറമ്പ് | 40000 | തുടങ്ങിയിട്ടില്ല |
| കെ കെ കുട്ടപ്പൻ അമ്പാട്ടുപറമ്പിൽ | 200000 | തുടങ്ങിയിട്ടില്ല |
| ലൂവിന്റ് ഫ്രാൻസിസ്, ആഷാ ജോൺ | 300000 | ലിന്റൽ |
| പ്രസന്നകുമാരി കരിച്ചാപ്പള്ളയിൽ | 300000 | മേൽക്കൂര |

പ്രസ്തുത വ്യക്തികളുടെ ഭവന നിർമ്മാണം പൂർത്തിയാകാത്തത് സംബന്ധിച്ച് ഭരണസമിതി തലത്തിൽ അന്വേഷണം നടത്തേണ്ടതും അർഹരായവർക്ക് സന്നദ്ധസംഘടനകളുടെ സഹായം തേടി ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമോയെന്ന് പരിശോധിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-39 സ്മാർട്ട് ഗാർബേജ് മാനേജ്മെന്റ് സിസ്റ്റം - ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കേണ്ടതാണ്**

| | |
|---|---|
| പ്രോജക്റ്റ് നം | 47/22-23 |
| പ്രോജക്ടിന്റെ പേര് | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 200000, വികസന ഫണ്ട് (പൊതുവിഭാഗം) |
| ചെലവ് | 154900, വികസന ഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം. | 04/20.08.2022 - 142900<br>05/24.08.2022 - 12000 |

മേൽ പ്രോജക്ട് പ്രകാരം ക്യൂ ആർ കോഡ് ലഭ്യമാക്കുന്നതിനായി 12000/-രൂപ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പഞ്ചാബ് നാഷണൽ ബാങ്കിലെ 330100210016241 (05/24.08.2022) നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ക്യൂ ആർ കോഡ് ലഭ്യമായതിന്റേയോ പദ്ധതി നടപ്പിലാക്കിയതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/20.11.2023) 13000 എണ്ണം ക്യൂ ആർ കോഡ് ലഭ്യമാക്കുന്നതിനായിട്ടാണ് 12000/- രൂ നൽകിയതെന്നും ഇൻവോയ്സ് നം. 8553/15.12.2022 പ്രകാരം 10000 എണ്ണം ക്യൂ ആർ കോഡ് ലഭ്യമാക്കിയിട്ടുണ്ടെന്നും ബാക്കി തുകയായ 2769/- രൂ ടി സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പദ്ധതി നിലവിൽ പൂർത്തീകരിച്ചിട്ടില്ല. എല്ലാ വീടുകളിലും ക്യൂ ആർ കോഡ് പതിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2769/- രൂ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതും പദ്ധതി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

**1-40 പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ മുഴുവൻ ലഭ്യമാക്കിയിട്ടില്ല**

| | |
|---|---|
| പ്രോജക്ട് | നം.26/22-23 പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| അടങ്കൽ | 500000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം) |
| ചെലവ് | 500000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം) |
| ബിൽ നം., തീയതി | 19/22-23, 28.01.2023 |

പ്രോജക്ട് നം.26/22-23 പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ പഞ്ചാബ് നാഷണൽ ബാങ്കിലുള്ള 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് 500000/- രൂ നൽകിയിരുന്നു. ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുംപ്രകാരം മരുന്നുകൾ ലഭ്യമായിട്ടുണ്ട്.

| ഇൻവോയ്സ് നം. | തുക |
|---|---:|
| 24945/15.02.2023 | 16016 |
| 72722/14.07.2023 | 19230 |
| 14282/27.07.2023 | 60813 |
| 28083/28.03.2023 | 18704 |
| 27230/20.03.2023 | 29770 |
| 11680/06.07.2023 | 30727 |
| 10442/24.06.2023 | 33404 |
| 8633/12.06.2023 | 11645 |
| 9803/17.06.2023 | 31046 |
| **ആകെ** | **251355** |

251355/- രൂപയുടെ മരുന്നുകളാണ് രേഖകൾ പ്രകാരം ലഭ്യമായിട്ടുള്ളത്. ബാക്കി 248645/- രൂപയുടെ മരുന്നുകളുടെ ലഭ്യതാവിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/18.11.2023) മേൽ തുകയുടെ മരുന്നുകൾ ലഭ്യമായിട്ടില്ലെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ സമർപ്പിക്കുന്നതുമാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ബാക്കി മരുന്നുകളുടെ ലഭ്യതാവിവരം അറിയിക്കുന്നതുവരെ 248645/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-41 ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ അലംഭാവം**

ഗ്രാമപഞ്ചായത്ത് വിവിധ തീയതികളിലെ കമ്മറ്റികളിൽ എടുത്ത ചുവടെ ചേർത്ത തീരുമാനങ്ങൾ നടപ്പാക്കിയവയുടെയും തുടർ നടപടികൾ സ്വീകരിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമായില്ല

**1. 27-7-22 ലെ 40/1 നമ്പർ തീരുമാനം**

അനുവാദമില്ലാതെ തന്റെ പുരയിടത്തിൽ (ആനിക്കാട് വില്ലേജ് ബ്ലോക്ക് നം.46, റീസർവ്വേ നം.152/8ൽ) പഞ്ചായത്ത് നിർമ്മിച്ച കുഴൽ കിണർ മാറ്റി സ്ഥാപിക്കുന്നതിനായി ശ്രീമതി. ജയദേവി.പി.ആർ, പ്ലാത്തറക്കുഴിയില്, വാർഡ് 13 എന്നയാൾ സമർപ്പിച്ച പരാതി പരിഹരിക്കുന്നതിനായി വാർഡ് മെമ്പറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**2. 24-8-22 ലെ 15/1 നമ്പർ തീരുമാനം**

കൃഷി ഭവൻ നവീകരണ പ്രവർത്തനങ്ങൾക്ക് ശേഷം അവശേഷിയ്ക്കുന്ന ഉപയോഗശൂന്യമായ നിർമ്മാണ വസ്തുക്കൾ അസിസ്റ്റന്റ് എൻജിനീയറുടെ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്യുന്നതിനുള്ള തുടർ നടപടി സ്വീകരിയ്ക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**3. 5-1-23 ലെ 10/1 നമ്പർ തീരുമാനം**

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിലെ 81-ാം നമ്പർ കുറുംകുടി അംഗൻവാടിക്ക് MGNREGA പദ്ധതിയുമായി ചേർന്ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭ്യമായതിനാലും നിലവിലുള്ള കെട്ടിടം അൺ ഫിറ്റ് ആയതിനാലും ടി കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം പണിയുന്നതിന് തടസ്സമില്ല എന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ LSGD AE യുടെ സർവ്വേ റിപ്പോർട്ട് പ്രകാരം കെട്ടിടം പൊളിച്ചു നീക്കുന്നതിനാവശ്യമായ അനുമതിക്കായി ബഹു. പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് കമ്മിറ്റി തീരുമാനിച്ചു.

**4 12-1-23 ലെ 4/1 നമ്പർ തീരുമാനം**

റോഡ് മുറിച്ച് ഒപ്ടിക്കൽ ഫൈബർ കേബിൾ ഇടുന്നതിനായി JIO FIBER എന്ന കമ്പനി സുഗമ പോർട്ടൽ വഴി ഓൺലൈൻ ആയി സമർപ്പിച്ചിട്ടുണ്ട്. കത്തിൽ ഏകദേശം 2.2 കിലോമീറ്റർ റോഡ് മുറിച്ച് കേബിൾ ഇടുന്നതിനുള്ള അനുമതിയാണ് ആവശ്യപ്പെട്ടിരിക്കുന്നത്. AE LSGD യുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

മേൽപറഞ്ഞ കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിയ്ക്ക് (നം24/21-11-23) ) മറുപടി ലഭ്യമായിരുന്നില്ല. കമ്മറ്റി തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്നത് അതീവ ഗുരുതരമായ കൃത്യവിലോപമാണ്. മേൽപറഞ്ഞവ നടപ്പാക്കാതിരിക്കുന്നത് മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടത്തിന് സെക്രട്ടറി ഉത്തരവാദിയാകുന്നതാണ്. കമ്മറ്റി തീരുമാനങ്ങൽ നടപ്പാക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-42 എംജിഎൻആർഇജിഎസ് -നീർതടങ്ങളിൽ വൃക്ഷതൈ നടീലും പരിപാലനവും - തുടർ പരിപാലനം ഉറപ്പാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം എംജിഎൻആർഇജിഎസ് പദ്ധതി പ്രകാരം വിവിധ നീർതടങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിരുന്നു. എന്നാൽ ഫയൽ പരിശോധനയിൽ വൃക്ഷത്തൈകൾ നടുക എന്ന പ്രവർത്തി മാത്രമെ നടന്നതായി കാണുന്നുള്ളൂ. തൈകളുടെ പരിപാലനത്തിനായി എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും ആയതിനായി സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങളൊന്നും തന്നെ പാലിച്ചിട്ടില്ല. 29-5-2018 ലെ സർക്കുലർ നം പിഎസ് 2/288/2018/തസ്വഭവ പ്രകാരം നടപ്പാക്കേണ്ടിയിരുന്ന പ്രവർത്തികൾ ചുവടെ ചേർക്കുന്നു.

1. ഓരോ ഗ്രാമപഞ്ചായത്തിലും വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുന്നതിന് കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങളെ ചുമതലപ്പെടുത്തേണ്ടതാണ്. അയൽക്കൂട്ടഅംഗങ്ങൾക്കുള്ള കൂലി വൃക്ഷത്തൈകളുടെ അതിജീവനത്തിന്റെ അടിസ്ഥാനത്തിൽ നൽകേണ്ടതാണ്. 75%ൽ താഴെ മാത്രം അതിജീവനമുള്ള സാഹചര്യത്തിൽ കൂലിയ്ക്ക് അർഹതയുള്ളതല്ല.

2. ഓരോ അയൽക്കൂട്ടത്തിനും നൽകുന്ന/പരിപാലനചുമതലയുള്ള വൃക്ഷത്തൈകൾ സംബന്ധിച്ച വാർഡ്തലത്തിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

3. വൃക്ഷത്തൈകളുടെ അതിജീവനം ഓരോമാസവും ഉറപ്പുവരുത്തുന്നതിനുള്ള മോണിറ്ററിങ് സംവിധാനം വാർഡ് മെമ്പർ അദ്ധ്യക്ഷനും എഡിഎസ് സെക്രട്ടറി കൺവീനറുമായി രൂപീകരിക്കേണ്ടതാണ്.

4.വൃക്ഷത്തൈകളുടെ അതിജീവനം ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും കൃഷി ഓഫീസർ കൺവീനറുമായ ഒരു മോണിറ്ററിങ് സമിതി രൂപീകരിക്കേണ്ടതാണ്

5. വൃക്ഷത്തൈകളുടെ അതിജീവനം സംബന്ധിച്ച മുഴുവൻ പ്രവർത്തനങ്ങളും സോഷ്യൽ ഓഡിറ്റിന് വിധേയമായതും ആയതിന്റെ വിശദാംശങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതുമാണ്.

മേൽ പറഞ്ഞ സർക്കാർ നിർദ്ദേശങ്ങളൊന്നും തന്നെ ഗ്രാമപഞ്ചായത്തിൽ പാലിക്കുന്നതായി കാണുന്നില്ല. അരുവിക്കുഴി നീർതടത്തിൽ വൃക്ഷത്തൈ നടീലും പരിപാലനവും എന്ന പ്രൊജക്റ്റ് (DP334907) പ്രകാരം 1262 വൃക്ഷത്തൈകൾ നട്ടതിന് 80,549/-രൂപ ചെലവഴിച്ചിട്ടുണ്ട്. 259 പേർക്ക് 311 രൂപ നിരക്കിൽ തുക

നൽകിയിരുന്നു. പ്രസ്തുത പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റ് പ്രകാരം 1,75,190/-രൂപ പരിപാലനത്തിനായി വകയിരുത്തിയിരുന്നുവെങ്കിലും അയൽക്കൂട്ടഗ്രൂപ്പിനെ ഏൽപിച്ച് പരിപാലനം നടത്തിയിരുന്നില്ല. 21-11-23ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ 10% പോലും തൈകൾ അതിജീവിച്ചതായി കാണാൻ കഴിഞ്ഞില്ല. പരിപാലനത്തിന്റെ അഭാവത്തിൽ വൃക്ഷത്തൈകൾ നാശോന്മുഖമായതായി കാണുന്നു. സർക്കാർ നിർദ്ദേശം കൃത്യമായി പാലിക്കാത്തത് മൂലം വൃക്ഷത്തൈ നടീലിനായുള്ള ചെലവ് പാഴ്ച്ചെലവായി മാറിയതായി ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും പ്രൊജക്റ്റ് ഫലപ്രാപ്തിയെത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കല്ലാടംപൊയ്ക കുടിവെള്ളപദ്ധതി- ജിഎസ് ടി അധികം തുക നൽകി-

| | |
|---|---|
| പ്രൊ.നം | 148/23 |
| അടങ്കൽ | 5,50,000/-(CFC) |
| ചെലവ് | 4,73,472/-(Billno33/28-3-23) |
| കരാറുകാരൻ | രവീന്ദ്രൻനായർ, പന്തലാനിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

സർക്കുലർ നമ്പർ 79/2022 ഫിൻ തീ 15-9-2022 പ്രകാരം 18-7-2022 മുതൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ജി എസ് റ്റി 18% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ 2021-22 ൽ ആരംഭിച്ചതും ജി എസ് റ്റി വിഹിതമായി 12% എസ്റ്റിമേറ്റിൽ വകയിരുത്തിയതും 18-7-2022 ന് മുൻപ് പൂർത്തീകരണ കാലാവധി കഴിഞ്ഞതുമായ പ്രവൃത്തികൾ കരാറുകാരന്റേതായ കാരണങ്ങളാൽ 18-7-2022 ന്ശേഷം പൂർത്തിയാക്കുകയും ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 18% ജി എസ് റ്റി അധികമായി വകയിരുത്തി നല്കുകയും ചെയ്തു. കരാറുകാരൻയഥാസമയം പ്രവൃത്തി പൂർത്തീകരിച്ചിരുന്നു എങ്കിൽ പഞ്ചായത്തിന് 12% നികുതി ബാധ്യത മാത്രമേ ഉണ്ടാകുകയുള്ളൂ എന്നതിനാൽ അധികമായി വന്ന 6% നികുതി ബാധ്യത കരാറുകാരൻ സ്വന്തം നിലയിൽ കണ്ടെത്തേണ്ടതായിരുന്നു (എസ്റ്റിമേറ്റിലും 12% നികുതി മാത്രമേ വകയിരുത്തിയിട്ടുള്ളൂ). മേൽ അപാകതമൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാർ തീയതി | 50/AE/LSGD /PLKD/14-3-22 |
| പൂർത്തീകരിക്കേണ്ട തീയതി | 14-6-22 |
| പൂർത്തീകരിച്ച തീയതി | 20-3-23 |
| ഫൈനൽ ബിൽപ്രകാരം വേലമൂല്യം | 4,01,248/- |
| നൽകാവുന്ന ജിഎസ്ടി കോമ്പൻസേഷൻ | @12% =48149.76 |

| | |
|---|---|
| നൽകിയ ജിഎസ്ടി കോമ്പൻസേഷൻ | @18% =72224.64 |
| അധികം നൽകിയ തുക | 24074/- |

16-3-23 ലെ 3/3 നമ്പർ ജനറൽ കമ്മറ്റി തീരുമാനപ്രകാരം സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ 12% ജിഎസ് ടി ആണ് ഉൾപ്പെടുത്തിയിരുന്നത് എന്നും നിലവിൽ 18% ജി എസ് ടി ആയതിനാൽ ആയത് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് ഭേദഗതി ചെയ്യാൻ തീരുമാനമെടുത്തിരുന്നു. ഇത് ക്രമപ്രകാരമല്ല. പ്രവൃത്തി നിശ്ചിത കാലയളവിനുള്ളിൽ പൂർത്തീകരിക്കാത്ത കരാറുകാരന് അധികം തുക അനുവദിച്ച നൽകിയ നടപടി വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/21-11-23) മറുപടിയായി തുക ഈടാക്കുന്നതിന് കരാറുകാരന് കത്ത് നൽകുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 24074/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.



കൂടാതെ, മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട സ്ഥലം 21-11-23ന് നേരിൽ പരിശോധിച്ചിരുന്നു. കുടിവെള്ള പദ്ധതിയ്ക്കായി കിണർ നിർമ്മാണം മാത്രം പൂർത്തിയാക്കിയിട്ടുണ്ട്. പമ്പിങ്ങ് മെയിൻ, മോട്ടോർ, വാട്ടർ ടാങ്ക്, വിതരണലൈനുകൾ എന്നിവ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. 2023-24 വാർഷികപദ്ധതിയിൽ തുടർ പ്രവൃത്തികൾക്കായി പ്രൊജക്ട് തയ്യാറാക്കിയിട്ടില്ലായെന്ന് അസി.എഞ്ചിനീയർ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം3/16-11-23) മറുപടിയായി അറിയിച്ചിട്ടുണ്ട്. തുടർ പ്രൊജക്റ്റുകൾ ആവിഷ്കരിക്കാത്തതിനാലും പ്രോജക്ട് പൂർത്തീകരിക്കാത്തതിനാലും തൻവർഷം ഈയിനത്തിൽ ചെലവഴിച്ച 4,73,472/- രൂപയിൽ നിരാകരിച്ച 24074/-രൂപ കിഴിച്ചുള്ള 449398/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

2022-23 ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 15/11/2023, 16/11/2023 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം(Financial Audit Certificate 2022-23) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 977,704/- രൂപയും പാമ്പാടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പ്രോജക്ട് 957,696/- രൂപയും ലഭിച്ചിട്ടുണ്ട്. ജില്ല-ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് വിശദാംശം ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു

| തുക നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 50,000/- | അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ (152/23) | 50,000/- | 0 |
| | 200,000/- | ലൈഫ് വീട് നിർമ്മാണം പട്ടികജാതി (147/23) | 200,000/- | 0 |
| | 200,000/- | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത (74/23) | 200,000/- | 0 |
| | 207,696/- | അനുപൂരക പോഷകാഹാര വിതരണം അങ്കണവാടികളിലൂടെ (20/23) | 207,696/- | 0 |
| | 300,000/- | അരുവിക്കുഴി സ്റ്റേഡിയം റോഡ് പൂർത്തീകരണം (180/23) | 300,000/- | 0 |
| | **957,696/-** | **ആകെ ബ്ലോക്ക് വിഹിതം** | **957,696/-** | **0** |
| കോട്ടയം ജില്ല പഞ്ചായത്ത് | 74,000/- | ലൈഫ് ഭവന പദ്ധതി പട്ടികവർഗ്ഗം (145/23) | 74,000/- | 0 |
| | 360,000/- | ലൈഫ് വീട് നിർമ്മാണം പട്ടികജാതി (147/23) | 360,000/- | 0 |
| | 200,000/- | ലൈഫ് ഭവന പദ്ധതി ജനറൽ (146/23) | 200,000/- | 0 |
| | 110,000/- | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത (74/23) | 110,000/- | 0 |
| | 217,614/- | അനുപൂരക പോഷകാഹാര വിതരണം അങ്കണവാടികളിലൂടെ (20/23) | 217,614/- | 0 |

| | | | | |
|---|---|---|---|---|
| | 19,090/- | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് (106/23) | 19,090/- | 0 |
| | **980704/-** | **ജില്ല പഞ്ചായത്ത് വിഹിതം** | **980704/-** | **0** |

പ്രോജക്റ്റ് നം.180/23 പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം സുസ്ഥിര ആസ്തി സൃഷ്ടിക്കുന്നതിനാണ് വിനിയോഗിച്ചത്. സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന ഫണ്ട് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. എന്നാൽ ടി ഫണ്ടും ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-6 ഷെഡ്യൂളിൽ റവന്യൂ കോൺട്രിബ്യൂഷനായാണ് പ്രതിഫലിക്കുന്നത്. പ്രസ്തുത അക്കൗണ്ടിങ്ങ് അപാകത പരിഹരിച്ച് വിവരം അനുബന്ധരേഖകളോടെ ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തികൾ നടത്തുന്നതിന് KSEB Ltd., ഭൂജല വകുപ്പ്(GWD) എന്നീ ഏജൻസികളിൽ സെക്രട്ടറിയുടെ പ്രോജക്ടുകൾ പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്. തുകയുടെ വിശദാംശങ്ങൾ ചെലവ് പത്രിക പ്രകാരമുള്ളതും വിനിയോഗ വിവരവും താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്റ്റ് നം.) | മുൻകൂർ നൽകിയത് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| KSEB Ltd. | കന്നുകുഴി കുടിവെള്ള പദ്ധതി ത്രീ ഫേസ് ലൈൻ വലിക്കൽ (9/23) (വാർഡ് 13) | 119,923/- | ഇല്ല | 119,923/- |
| ഭൂജല വകുപ്പ് (GWD) | അരുവിക്കുഴി ഭാഗത്ത് കുഴൽകിണർ നിർമ്മാണം (വാർഡ്-1) (8/23) | 50,000/- | ഇല്ല | 50,000/- |
| | മൈലപ്പള്ളി ചപ്പാത്ത് കുഴൽകിണറിന് ഹാൻഡ് പൈപ്പ് സ്ഥാപിക്കൽ (179/23) | 72,675/- | ഇല്ല | 72,675/- |
| | ആകെ GWD-ൽ | 122,675/- | ഇല്ല | 122,675/- |
| **ഒട്ടാകെ** | | **242,598/-** | **-** | **242,598/-** |

2022-23 വർഷത്തെ നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ 242,598/- രൂപ നിക്ഷേപ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തിട്ടില്ല. KSEB-യിൽ നിക്ഷേപിച്ച 119,923/- രൂപ 460500202 ശീർഷകത്തിലും GWD-ൽ നിക്ഷേപിച്ച 122,675/- രൂപ 460500204 ശീർഷകത്തിലും ജേർണൽ വൗച്ചർ മുഖേന മാറ്റി അക്കൗണ്ട് ചെയ്ത് 2023-24 വർഷം അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2022-23 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

വാർഷിക ധനകാര്യ പത്രികയിലെ വായ്പ കണക്ക് ശീർഷകങ്ങളിൽ അപാകത നിലനിൽക്കുന്നു. 2022-23 പഞ്ചായത്തിന്റെ വായ്പ മുന്നിരിപ്പ്, തിരിച്ചടവ് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ വായ്പ രജിസ്റ്റർ പ്രകാരമുള്ളത് താഴെ കൊടുക്കുന്നു. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വായ്പാ കണക്കുകൾ രജിസ്റ്ററിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | 01/04/2022-തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | 2022-23 വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | 31/03/2023 തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ആർഡിബി ലോൺ (ലോൺ അക്കൗണ്ട് നം. 474/A3 /8/RDB) | KURDFC /A/221 /12/27-01-17 | 4,327,988/- | - | 400000 | - | 3,927,988/- |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/ 18.5.2018 | 4,757,311/- | 540,000/- | 1,981,312/- | - | 3,315,999/- |

സെക്രട്ടറിയുടെ 65/23 നം. പ്രോജക്ട് പ്രകാരമാണ് 4 ലക്ഷം രൂപ RDB വായ്പ തിരിച്ചടവ് നടത്തിയത്. വികസന ഫണ്ട് (General), വികസന ഫണ്ട് (SCSP), വികസന ഫണ്ട് (SCSP) എന്നീ ഫണ്ടുകളുടെ 2022-23 വർഷത്തെ അലോട്ട്മെന്റിൽ യഥാക്രമം 1,346,405/- രൂപ, 606,291/- രൂപ , 28,616/- രൂപ എന്നിങ്ങനെ ആകെ 1,981,312/- രൂപ സ്രോതസ്സിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്.

RDB വായ്പ ശീർഷകത്തിൽ(330500204) 2021-22, 2022-23 വർഷങ്ങളിലെ 8 ലക്ഷം രൂപയുടെ തിരിച്ചടവ് അക്കൗണ്ട് ചെയ്യിട്ടില്ല. തൻവർഷം KURDFC വായ്പയെടുത്തത് RDB വായ്പ ശീർഷകത്തിലാണ് 5.4 ലക്ഷം രൂപ അക്കൗണ്ട് ചെയ്തത്. 330500204 ശീർഷകത്തിലെ അക്കൗണ്ടിങ്ങ് അപാകതകൾ 2023-24 വർഷം പരിഹരിച്ച് കണക്കുകൾ കൃത്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

KURDFC വായ്പ ശീർഷകത്തിൽ(330500201) തൻവർഷം എടുത്ത 5.4 ലക്ഷം രൂപ RDB ശീർഷകത്തിൽ നിന്നും ക്രമീകരിക്കേണ്ടതാണ്. തൻവർഷം ചെലവായി അക്കൗണ്ട് ചെയ്ത 177/- രൂപ കൂടി ക്രമീകരിച്ച് 330500201 ശീർഷകത്തിലെ കണക്കുകൾ കൃത്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

2022-23 വർഷം ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിക്കവറി കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വരെ

പുറപ്പെടുവിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടുകളിൽ(Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-3(ബി) | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തികൾ- നടപടിക്രമങ്ങൾ പാലിക്കുന്നില്ല. കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച 266223/- രൂപ സംബന്ധിച്ച് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-3 | 2016-17 | അനുബന്ധം-3 | വസ്തുനികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-5 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2-3 (1,2,3) | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

### 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

2022-23 ധനകാര്യ പത്രിക പ്രകാരം ചാർജ്/സർച്ചാർജ് നടപടികളിലൂടെ തുകയൊന്നും അടവാക്കിയിട്ടില്ല.

### 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പടെ (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 39,920,256/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 23,658,926/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 88,018,523/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 80,154,938/- |
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 24,074/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2551447/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
|---|---|---|---|
| 1-34 (3-1) | - | 24,074/- | മുരളീധരൻ ജി., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | - | 24,074/- | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 837,220/- | മിനി മുരളി, സെക്രട്ടറി |
| 1-34 | 449,398/- | മുരളീധരൻ ജി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-35(1)<br>1-35(2) | 277,567/-<br>356,647/- | മുരളീധരൻ ജി.,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-36 | 199,770/- | രേഖ ബി. നായർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-37 | 182,200/- | രേഖ ബി. നായർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-40 | 248,645/- | ഡോ. ആഷിക്ക് രാമചന്ദ്രൻ,<br>മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) |
| **ആകെ** | **2,551,447/-** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക നം. 1-19

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മുരളീധരൻ ജി.,<br>അസിസ്റ്റന്റ് എഞ്ചിനീയർ,<br>LID & EW, പള്ളിക്കത്തോട് | സേവനത്തിൽ നിന്ന് വിരമിച്ചു | മഞ്ഞനംകുളത്ത്,<br>മുടിയൂർക്കോണം(പി.ഓ.),<br>പന്തളം - 689501. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/11/2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 (ചെലവ്) | എൽ.എഫ്.കെ.പി4-377/2008 /29-06-2009/08-10-2009 | - |
| 2003-04 (ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി13/അദാ-2022/102(1)/2022 /03-08-2022 | 5 |

| | | |
|---|---|---|
| 2002-03 (വരവ്) | എൽ.എഫ്.കെ.പി4/1682 /2007/08-09-2009 | - |
| 2004-05 (വരവ്) | എൽ.എഫ്.കെ.പി4/1684 /2007/21-02-2011 | 1 |
| 2006-07 | എൽ.എഫ്.കെ.പി1/960/അദാ/B1 /2011/22-08-2011 | - |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി13/അദാ-2022/102(4)/2022 /03-08-2022 | 3 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി13/അദാ-2022/102(5)/2022 /03-08-2022 | 2 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി13/അദാ-2022/882(3)/2022 /03-08-2022 | 2 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി13/അദാ-2022/882(2)/2022 /03-08-2022 | 4 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.ടി.എം.പി13/അദാ-2022/882(4)/2022 /03-08-2022 | 4 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി13/അദാ-2022/882(5)/2022 /03-08-2022 | 8 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി13/അദാ-2022/882(6)/2022 /03-08-2022 | 4 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി13/അദാ-2022/882(7)/2022 /03-08-2022 | 17 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി13/അദാ-2022/882(8)/2022 /03-08-2022 | 10 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി13-299/2022 /03-01-2023 | 18 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി13-1359/2022 /26-10-2022 | 21 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി13-461/2023 /30-06-2023 | 32 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 14-07-2023 and submitted on 20-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Pallickathodu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pallickathodu Grama Panchayat for the year 2022-2023

**Date: 22/12/2023**

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Pallickathodu Grama Panchayat for the Year 2022-2023 .

**1.Major Observations**

1.Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated upto 31/03/2023.

2.Non Disclosure of Capital Contribution-Captal contribution opening balance details, fundwise capital contribution of current year are not available.

3.General Fund Details not maintained. Opening Balance Receipt Payment (OBRP) data of asset and liability as on 01/04/2011 not available. Source Data not available for the value of total general fund as on 31/03/2023.

4.Assets Generated during current year-detailed project wise and fundwise data not provided.

5.KURDFC Loan balance as on 31/03/2023 as per Annual Financial Statement does not match with Loan

Register.

6.RDB Loan balance as on 31/03/2023 as per AFS does not match with Loan Register.

**2.Other Observations**

1.Prepaid Programme Expenses head of account does not reflect actual loan liability from KURDFC.

2.Capital Work in Progress accounting and adjustment details and data not provided.

3.Data for Depreciation Calculation sheet for the year has not provided.

4.Government and other dues register not maintained

5.Professon Tax(Institution, Professionals, Traders) demand value has not calculated and recorded by secretary in demand register.

6.The adjustment of advance accrual income received for the year has not posted and certified in corresponding demand registers.

7.Rent demand entry accounted includes Rent and GST amount.

8.The accuracy of Redumption amount outstanding in AFS has not explained.

9.Advance amount of 119,923/- deposited in KSEB has not accounted in Deposit head of account.

10.Advance amount of 122,675/- deposited in Kerala Ground Water Department(GWD) has not accounted in Deposit head of account.

11.Prior Period expenditure/Income details are not provided as notes on account by the Secretary.

12.Contractors Security Deposit amount received accounted as negative in R&P statement.

13.Honararium for the month of March-2023 of Elected Representatives are not accounted in payable head of account during 2022-23.

14.Directly utilised beneficiary contribution of projects in annual plan 2022-23 are not accounted as passive expenditure and because of this omission it has not reflected in I & E Statement.

15.Accrual accounting of contingent expenditures for the year done in single liability account head even though proper accounting heads are available.

16.Accounting omission and other mismatch in Social Security Pension amounts in AFS with respect to Sevana Portal Pension details.

17.Advance to MNREGS not accounted in specific account head.

**Deputy Director**
**Kerala State Audit Department**
**District Audit Office-Kottayam**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്